കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേർപ്പ് ഗ്രാമ പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)62/2019

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No.0487 2331249
e-mail:dotsr.ksad@kerala.gov.in
തിയ്യതി.04/04/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: ചേർപ്പ് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-2, 2-5, 2-13 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2, 3-10, 3-11 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി2)62 /2019 തിയ്യതി.04/04/2019

<u>തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ</u>

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.08.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്റ്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | സൈമൺ.കെ<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.18 മുതൽ<br>22.12.18 വരെ |

| | |
|---|---|
| ഓഡിറ്റ്<br>നടത്തിയഉദ്യോഗസ്ഥർ | ബിത.ടി.എസ്.,<br>ഓഡിറ്റ് ഓഫീസർ |
| | ശിവദാസൻ.എ.കെ.<br>അസിസ്റ്റന്റ് ഓഡിറ്റ്<br>ഓഫീസർ |
| | സുനിൽകുമാർ.കെ.സി<br>സീ.ഗ്രേഡ് ഓഡിറ്റർ |
| | നിജു.സി.എസ്<br>ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സി.കെ.വിനോദ് | 01.4.2017-31.3.2018 |
| സെക്രട്ടറി | മീതിയൻ എ എം | 01.4.2017-27.5.17 |
| | സാബു ജോർജ്ജ് (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 27.5.17-16.6.17,<br>18.9.17-25.9.17,<br>4.12.17-19.12.17 |
| | എൻ. ഹരികുമാർ | 17.6.17-17.9.17,<br>25.9.17-3.12.17, |

| | | |
|---|---|---|
| | | 20.12.17-31.3.18 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | സാബു ജോർജ്ജ് | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ധന്യ.ടി.വി | 1.4.2017-03.10.2017 |
| | ഭാവന.പി.യു. | 4.10.2017-18.12.2017 |
| | ജിൻസി | 19.12.2017-02.02.18 |
| | സന്ദീപ്.എ.വി. | 02.02.18-31.3.2018 |
| കൃഷി ഓഫീസർ | ഷൈലജ.കെ.എസ്. | 1.4.2017-17.4.2017 |
| | റാണി | 18.4.2017-17.7.2017 |
| | രവീന്ദ്രൻ | 18.7.2017-13.10.2017 |
| | കവിത | 14.10.2017-31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രതി.കെ. | 1.4.2017-31.3.2018 |
| മെഡിക്കൽഓഫീസർ, സി.എച്ച്.സി. | ഡോ.വീണ.V.M. | 1.4.2017-28.10.2017 |
| | ഡോ.മനു.എം.ഗോപാൽ | 29.10.17-31.3.2018 |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.സുജിത്ത് | 01.04.2017-31.3.2018 |
| വെറ്ററിനറി സർജൻ | ഡോ.ബീന | 01.4.2017-31.3.2018 |
| വി.ഇ.ഒ., എട്ടുമന | രാഗി.ടി.ആർ. | 1.4.2017-31.3.2018 |
| വി.ഇ.ഒ., ഊരകം | ജോഷീല പി.ജെ | 1.4.2017-29.6.2017 |
| | സിമി.എ.എം. | 30.06.17 – 31.03.18 |
| എച്ച്.എം | ഷീല ടി.ജി | 1.4.2017-31.3.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രവർത്തനം കാര്യക്ഷമമല്ല | 2-1 |
| 14 | ഷോപ്പിംഗ് കോംപ്ളെക്സ് വാടക-അരിയർ തുക മൂന്നു വർഷ കാലയളവിൽ ഈടാക്കാത്തതിനാൽ 135869/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നു ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 2-2 |
| 15 | ലേലം നടത്തിപ്പ്-അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു | 2-3 |
| 16 | അനധികൃത ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു | 2-4 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് സഞ്ചയ പ്രകാരം പൂർണ്ണമല്ല: ഡി ആന്റ് ഒ ലൈസൻസ് നൽകൽ-പരിശോധന-മറ്റു അപാകതകൾ | 2-5 |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല-മറ്റു അപാകതകൾ | 2-6 |
| 19 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ-അപാകതകൾ | 2-7 |
| 20 | വിമുക്ത ഭടൻമാർക്ക് കെട്ടിടനികുതിയിളവ്-അപാകതകൾ | 2-8 |
| 21 | വേക്കൻസി റമിഷൻ-അപാകതകൾ | 2-9 |
| 22 | ക്രമവൽക്കരണം-മറ്റു അപാകതകൾ | 2-10 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശ്ശിക സംബന്ധിച്ച് | 2-11 |
| 24 | സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ അവലോകനം | 2-12 |
| 25 | ഗ്ലോബൽ സ്കൂൾ അനധികൃത നിർമ്മാണം -വ്യാജ പെർമിറ്റ് ചമച്ച് സ്കൂൾ പ്രവർത്തനം-പഞ്ചായത്ത് തുടർനടപടികൾസ്വീകരിക്കേണ്ടതാണ് | 2-13 |
| 26 | ഇ -ടെണ്ടർ വിവരം ലഭ്യമാക്കുന്നതു സംബന്ധിച്ച് | 2-14 |
| | ഭാഗം 3 | |
| 27 | ലോഗ്ബുക്ക് അപാകതകൾ | 3-1 |
| 28 | തെരുവുവിളക്കുകളുടെ സ്ഥാപനം, പരിപാലനം, അറ്റകുറ്റപ്പണി-തൻവർഷത്തെ ചെലവ് -25,06,629 രൂപ-അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-2 |

| | | |
|---|---|---|
| 29 | പഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ നവീകരണം-അപാകതകൾ | 3-3 |
| 30 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വയറിംഗ്-അപാകതകൾ | 3-4 |
| 31 | ധനവിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റു രശീതി എന്നിവയുടെ അഭാവത്തിൽ ചെലവു തുക 12,75,288/- തടസ്സപ്പെടുത്തുന്നു. | 3-5 |
| 32 | അംഗനവാടിയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-6 |
| 33 | വീട് വാസയോഗ്യമാക്കൽ പദ്ധതി | 3-7 |
| 34 | പൊതുടാപ്പ്-വെള്ളക്കരം | 3-8 |
| 35 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ. പട്ടികജാതി വികസനവകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-9 |
| 36 | ഫയലുകൾ ഹാജരാക്കിയിട്ടില്ല. 1802400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-10 |
| 37 | നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വെച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ് | 3-11 |
| 38 | എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിക്കകത്ത് പണി പൂർത്തിയാക്കിയിട്ടില്ല. പിഴ ഈടാക്കേണ്ടതാണ്. | 3-12 |
| 39 | പെരുവനം റോഡ് റീടാറിംഗ് ടെൻഡർ വിളിച്ചതായി രേഖയില്ല. 109720 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-13 |
| 40 | റിവൈസ്ഡ് എസ്റ്റിമേറ്റിൽ അൺഫൊർസീൻ ഐറ്റംസ് എന്നയിനത്തിൽ 346841 രൂപ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു മൂലം 361051 രൂപ ലാപ്സായി | 3-14 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |

| | | |
|---|---|---|
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 51 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-03-2017 തീയതിയിലെ 436-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.3.2018 തീയതിയിലെ 3ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രതീക്ഷിത വരവ് 36,55,79,797.84 രൂപയും ചെലവ് 27,44,62,371/- രൂപയും ആയിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31-07-2018 | 25.5.2018 | --- | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.6.2018,30.6.2018 | കെ എസ് എടി എസ് ആർ (ഇ)3-1150/18(10) /4.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31058344.84 |
| വരവ് | 76784100 |
| ആകെ | 107842444.84 |
| ചെലവ് | 89168017 |
| നീക്കിയിരിപ്പ് | 18674427.84 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17472000 | 17472000 | 15035944 | 2436056 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11122204 | 1122204 | 6138050 | 4984154 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 235904 | 235904 | 0 | 235904 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5067000 | 5067000 | 4201615 | 865385 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3908000 | 3908000 | 3110297 | 797703 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8205223 | 8205223 | 5490834 | 2714389 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | സ്റ്റേറ്റ് | 0 | 1089031 | 1089031 | 636143 | 452888 |
| | സെന്ട്രൽ | 0 | 2467740 | 2467740 | 2467740 | 0 |
| സാക്ഷരത | | 0 | 89200 | 89200 | 89200 | 0 |
| Solid waste management grant | | 0 | 420000 | 420000 | 0 | 420000 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15631070 | 15631070 | 15631070 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3896 | 1617800 | 1621696 | 1617731 | 3965 |
| | material cost | 0 | 2231246 | 2231246 | 2231246 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ICDS | | | 1400000 | 1400000 | 352100 | 1047900 |
| അനുപൂരക പോഷകാഹാരം | | 338058 | 516251 | 854309 | 352137 | 502172 |
| PYCA | | 162165 | 0 | 162165 | 0 | 162165 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1427500 | 1427500 | 1408070 | 19430 |
| | ജില്ലാ പഞ്ചായത്ത് | 45273 | 1205000 | 1250273 | 1030000 | 220273 |
| തൊഴിൽ രഹിത വേതനം-ബി ഫണ്ട് | | - | 41520 (Allottment) (37200 receipt) | 37200 | 31920 | 5280 (ROP refunded) |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 13191000 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 14827461.61 | 15827831 | 30655292.61 | 13079645 | 17575647.61 |
| | ട്രഷറി അക്കൗണ്ട് | 14652142 | 13191000 | 27843142 | 26867239 | 975903 |
| മറ്റിനം- കുടുംബശ്രീ ആശ്രയ ചലഞ്ച് ഫണ്ട് (I&II Instalment) | | 0 | 615227 | 615227 | 615227 | 0 |
| ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഫണ്ട് | | 323756 | 0 | 323756 | 217738 | 106018 |
| പ്രി-മൺസൂൺ ഫണ്ട് | | 0 | 169711 | 169711 | 118398 | 51313 |
| വിമുക്തി | | 25000 | 12500 | 37500 | 4600 | 32900 |
| കർഷക അവാർഡ് (production Bonus-B Fund) | | 0 | 546000 | 546000 | 546000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 59601348 | 97 | 33976740 | 58 | 19 | 55.7 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3896 | 1617800 | 1621696 | 1617731 | 3965 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15631070 | 15631070 | 15631070 | 0 |
| Material cost | | 2231246 | 2231246 | 2231246 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31920 | 54 |
| കർഷകതൊഴിലാളി പെൻഷൻ | 4772100 | 383 |
| വിധവാപെൻഷൻ | 18710000 | 1561 |
| വാർദ്ധക്യകാലപെൻഷൻ | 25231700 | 1941 |
| വികലാംഗപെൻഷൻ | 3570300 | 337 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 2869600 | 241 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47505/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1)ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടേയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. 2017-18 ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവയുടെ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.(ഇക്കാര്യം ഭാഗം 2-1 ൽ വ്യക്തമാക്കിയിട്ടുണ്ട്).

2)പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

3) ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടില്ല.

4)നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട്

ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.

5)പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടുണ്ട്.(ഇക്കാര്യം ഭാഗം 2-13 ൽ വ്യക്തമാക്കിയിട്ടുണ്ട്)

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

6) കമ്പ്യൂട്ടറുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നല്കേണ്ടതാണ്. വാറന്റി, ഗ്യാരണ്ടി വിവരങ്ങൾ ചേർക്കേണ്ടതാണ്.

7. തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. യാത്രാ അലവൻസ് അനുവദിക്കുന്നതിന് യാത്ര കഴിഞ്ഞ് വന്നാൽ എത്രയും വേഗം നിശ്ചിത പ്രൊഫോർമയിലുള്ള യാത്രാ ഡയറി സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ടി.എ. അനുവദിക്കേണ്ടതുമാണ്. രണ്ട് വർഷത്തിനു ശേഷം ടി.എ. അനുവദിക്കാവുന്നതല്ല.

9. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ക്യാഷ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതുകയോ, സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുമ്പോൾ ആയതുകൊണ്ട് തന്നെ ഓരോ സ്ഥാപനങ്ങളിലും ആകെയുള്ള സാധനങ്ങളുടെ വിവരം ലഭ്യമാകുന്നില്ല. ഓരോ വർഷവും വാങ്ങുന്ന ഒരേ ഇനം സാധനങ്ങൾ ഒരേ പേജിൽ തുടർച്ചയായിഎഴുതേണ്ടതാണ്. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ല.

10. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

മേൽ കാര്യങ്ങളിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2018/16.11.18 | ഒക്ടോബർ 2018 | 29/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.3.2015-17.4.2015 | 2009 മുതൽ 2014 വരെ | 26.8.2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകളുടെ തുക 'കാലാവധി കഴിഞ്ഞ ചെക്കുകൾ' (liability in respect of stale cheque) എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

| ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|
| TDCB ചേർപ്പ്, തനത് ഫണ്ട് | 010961/ 8.8.17 | 1000 |
| | 009260/ 9.1.17 | 500 |
| | 005655/ 19.12.16 | 500 |

| | | |
|---|---|---|
| | 005638/ 7.12.16 | 500 |
| | 005646/ 7.12.16 | 1000 |
| | 004212/ 8.8.16 | 500 |
| | 003749/ 3.1.16 | 1200 |
| | 002978/ 28.4.16 | 900 |
| TDCB ചേർപ്പ്, തനത് ഫണ്ട് | 002898/ 9.3.16 | 1000 |
| | 002401/ 7.1.16 | 13680 |
| | 002303/ 17.12.15 | 1000 |
| | 321150/ 8.9.15 | 500 |
| | 320841/ 15.9.15 | 1021 |
| | 003706/ 5.5.16 | 500 |
| | 003725/ 18.5.16 | 500 |
| | 005788/ 30.01.17 | 1350 |
| | 005757/ 13.01.17 | 1000 |
| | 005758/ 13.01.17 | 2000 |
| | 012996/ 31.10.17 | 400 |
| | 013048/ 14.12.17 | 475 |
| ട്രഷറി ടി.എസ്.ബി. | 1434048/ 02.12.16 | ₹546422/- |
| ആകെ | | ₹575948/- |

2. 31.03.2018-ൽ 9860/- രൂപ നീക്കിയിരിപ്പുള്ള ട്രഷറി ഓൺഫണ്ട് VPFA 1-2 അക്കൗണ്ടിന്റെയും 500/- രൂപ നീക്കിയിരിപ്പുള്ള ട്രഷറി ടി.പി. അക്കൗണ്ടിന്റെയും ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. താഴെ പറയുന്ന ഗ്രാന്റ് വരവു തുകകൾ വാർഷിക കണക്കിലും ACR-ലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കു പ്രകാരമുള്ള വരവു തുക | സാംഖ്യ ACR പ്രകാരമുള്ള വരവു തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് | 1,50,74,274 | 1,50,64,276 | 9,998 |
| മെയിന്റനൻസ് നോൺ റോഡ് | 31,10,297 | 34,18,525 | 3,08,228 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,31,91,000 | 1,32,66,140 | 75,140 |

4. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 9660/- രൂപ ഇൻവെസ്റ്റ്മെന്റ് ഉണ്ട്.

5. 'other rent' രജിസ്റ്റർ (വരവു തുക ₹113250), ലേല രജിസ്റ്റർ (വരവു തുക ₹1540, ₹77,250) എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ വസ്തു നികുതി വരവു കണക്കുകൾ സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| റസിഡൻഷ്യൽ | അരിയർ | സാംഖ്യ | സഞ്ചയ |
|---|---|---|---|

| | | | |
|---|---|---|---|
| | ഡിമാന്റ് (31.03.17-ലെ ബാലൻസ് ഷീറ്റ് പ്രകാരം) | 78,98,880 (LC ഒഴികെയുള്ള തുക) | 25,84,164 |
| | കളക്ഷൻ | 23,19,686 | 21,17,805 |
| | കറണ്ട് ഡിമാന്റ് | 31,18,564 | 31,18,564 (വ്യത്യാസമില്ല) |
| | കളക്ഷൻ | 22,86,813 | 22,86,813 (വ്യത്യാസമില്ല) |
| നോൺ റസിഡൻഷ്യൽ | അരിയർ ഡിമാന്റ് (31.03.17-ലെ ബാലൻസ് ഷീറ്റ് പ്രകാരം) | ഇല്ല | 43,07,883 |
| | കളക്ഷൻ | 29,54,853 | 29,54,853 (വ്യത്യാസമില്ല) |
| | കറണ്ട് ഡിമാന്റ് | 40,29,047 | 40,29,047 (വ്യത്യാസമില്ല) |
| | കളക്ഷൻ | 34,52,442 | 36,39,390 |

വ്യത്യാസത്തിനു കാരണം വിശദമാക്കേണ്ടതാണ്.

7. വാർഷിക കണക്കിലെ ഐ-18 ഷെഡ്യൂളിൽ താഴെ പറയുന്ന തുകകൾ കാണിച്ചിരിക്കുന്നു.

(a) prior period income-property tax on residential building – 2,80,095/-

ആയതിന്റെ ലെഡ്ജറിൽ 10,06,833/- രൂപ റസിഡൻഷ്യൽ ബിൽഡിങ്ങ് ഡിമാന്റിലും 14,565/- രൂപ റസിഡൻഷ്യൽ ബിൽഡിങ്ങ് അഡ്വാൻസിലും 6,99,393/- രൂപ നോൺ റസിഡൻഷ്യൽ ബിൽഡിങ്ങ് അഡ്വാൻസിലും 12,780/- രൂപ ലൈബ്രറി സെസ്സിലും കുറവു ചെയ്തിട്ടുണ്ട്.

(b) prior period income-property tax on nonresidential building – 3,46,953/-

3,46,953/- രൂപ നോൺ റസിഡൻഷ്യൽ ബിൽഡിങ്ങ് വസ്തു നികുതി അഡ്വാൻസിൽ കൂട്ടിയിട്ടുണ്ട്.

മേൽപറഞ്ഞവ വിശദീകരിക്കുന്ന അനുബന്ധ രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി സംബന്ധിച്ച വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

8. വാർഷിക കണക്കിനൊപ്പമുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Net cash generated തുകയും, Net increase/decrease in cash and cash equivalents തുകയും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള net cash generated = 17,70,420

Net increase/decrease in cash and cash equivalents = 1,23,83,917/-

9. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമല്ല.

10. അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്റ്റ് രജിസ്റ്റർ പ്രകാരം 2017-18-ൽ നൽകിയ താഴെ പറയുന്ന പാർട്ട് ബില്ലുകൾ, ബാലൻസ്ഷീറ്റിലെ 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സ്' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

മത്സ്യകേരളം പദ്ധതി കെട്ടി നിർമ്മാണം = 179398

എസ്.സി. പൂത്തറക്കൽ കോളനിയിൽ ഡ്രെയിൻ നിർമ്മാണം = 369146

അംഗൻവാടി കെട്ടിട നിർമ്മാണം = 80,658

പകരം തെറ്റായി ഫൈനൽ ബില്ല് നൽകിയ പ്രൊജക്റ്റ് നമ്പർ 84, കരുവന്നൂർ ചന്ത റോഡ് പ്രവൃത്തിയുടെ തുകയായ 4,10,220/- ടി ഇനത്തിൽ ഉൾപ്പെടുത്തി.

11. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രവർത്തനം കാര്യക്ഷമമല്ല

മിനിറ്റ്സ്

4/2017, 5/17, 6/17 മാസങ്ങളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് ഓഡിറ്റ് പരിശോധന വേളയിൽ പൂർത്തീകരിക്കാത്തതായി കാണുകയുണ്ടായി.

ബജറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 23.03.17നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 27.03.2017നാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല-മോണിറ്ററിംഗ് നടത്തുന്നില്ല.

18.5.17, 29.5.17, 28.2.18, 21.3.18, 27.3.18 തീയതികളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൂടിയിട്ടുണ്ട്. പിന്നീട് കൂടിയിട്ടുള്ളത് 11/2018-ൽ ആണ്. 18.5.17, 29.5.17 തീയതികളിലെ നിർദ്ദേശങ്ങളിൽ 2016-17 ലെ നിർദ്ദേശങ്ങൾ ആവർത്തിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുന്നുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല.സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് സജീവമായി പ്രവർത്തിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ളെക്സ് വാടക-അരിയർ തുക മൂന്നു വർഷ കാലയളവിൽ ഈടാക്കാത്തതിനാൽ 135869/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നു ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

47 കടമുറികൾ ഉള്ള ഷോപ്പിംഗ് കോംപ്ളെക്സിൽ നിന്ന വാർഷിക കണക്കുകൾ പ്രകാരം 2014-15-ൽ 123169/- രൂപയും 2015-16-ൽ 138,408/- രൂപയും 2016-17-ൽ 137,814/- രൂപയും 2017-18-ൽ 135869 രൂപയും വാടക അരിയർ ലഭിക്കാനുണ്ട്. എന്നാൽ വാടക പിരിക്കുന്നതിലും വാടകക്കരാർ ലംഘിക്കുന്നവർക്കെതിരെ നടപടി

കൈക്കൊള്ളുന്നതിലും പഞ്ചായത്ത് താഴെപറയും പ്രകാരം വീഴ്ചകൾ വരുത്തിയിട്ടുണ്ട്.

1) 2014-15, 2015-16, 2016-17, 2017-18 ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡി.സി.ബി. വിവരം, റിമാർക്ക്സ് താഴെ ചേർക്കുന്നു.

| ക്രമ നം. | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|
| 2014-15 | അരിയർ | 129320 | 6151 | 123169 | രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. |
| | കറന്റ് | 224798 | 205119 | 19679 | “ |
| 2015-16 | അരിയർ | 142848 | 4440 | 138408 | മുൻവർഷത്തേക്കാൾ അരിയർ കളക്ഷൻ കുറവ് |
| | കറന്റ് | 203606 | 160067+5202(Adv.) | 38337(43539-5202) | 2014-15 വർഷത്തേക്കാൾ ഡിമാന്റ് കുറവ്, കളക്ഷൻ കുറവ്. ലേലനിബന്ധന പാലിക്കാത്തവർക്കെതിരെ നടപടിയില്ല |
| 2016-17 | അരിയർ | 176745 | 38931 | 137814 | കുടിശ്ശികയുള്ളവരെ ഒഴിവാക്കി പുനർലേലം നടത്തിയില്ല |
| | കറന്റ് | 215166 | 195617 | 19549 | 2014-15 വർഷത്തേക്കാൾ ഡിമാന്റ് കുറവ് |
| 2017-18 | അരിയർ | 157363 | 21494 | 135869 | 2016-17 ഓഡിറ്റ് പാര 2-3 നടപടി സ്വീകരിച്ചിട്ടില്ല |
| | കറന്റ് | 226668 | 226668 | 0 | |

രജിസ്റ്റർ ഡിസിബി പ്രകാരം 2016-17വർഷത്തെ മാത്രം കറന്റ് ബാലൻസ് 19549 രൂപയും 2015-16വർഷത്തെ മാത്രം കറന്റ് ബാലൻസ് 38337രൂപയും കൂട്ടി ആകെ 57886 രൂപയാണ് ഇതിൽ അരിയറായി 38931രൂപ 2016-17ലും 21494 /- രൂപ 2017-18ലും ൽ അടവാക്കിയിട്ടുണ്ട്. ആകെ 60425/-. 60425-57886 = 2539രൂപ അതിനും മുൻവർഷങ്ങളിലെ കുടിശ്ശിക കളക്ഷൻ ആണ്.ആയതിനാൽ തന്നെ ആകെയുള്ള അരിയർ കുടിശ്ശികയായ 135869 രൂപ തനതു വരുമാനത്തിൽ സംഭവിച്ച നഷ്ടമാണ്.

2)കുടിശ്ശിക തുകയും വാടകയും യഥാസമയം അടവാക്കാതെ വർഷാവസാനം അടക്കുന്നവരായാലും തുടർച്ചയായി ഒരേ വാടകക്കാരുമായാണ് കരാർ വെച്ചു പോരുന്നത്. രജിസ്റ്ററിൽ മുൻവർഷങ്ങളിലെ അരിയർ തുകകൾ സംബന്ധിച്ചും സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചതു സംബന്ധിച്ചും രേഖപ്പെടുത്തലുകളില്ല.

3)വാടക എഗ്രിമെന്റ്, 26.4.2003-ലെ 60/2003 തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ച കരട് ബൈലോ പ്രകാരവും വാടക വർദ്ധനവ്, അതതു വർഷങ്ങളിലെ കമ്മറ്റി തീരുമാനപ്രകാരവും ആണ് നടത്തിവരുന്നത്. എന്നാൽ വാടക-ലേലം കരട് ബൈലോക്ക് ഇത്ര നാളായിട്ടും പഞ്ചായത്ത് അംഗീകാരം ലഭ്യമാക്കാൻ ശ്രമിക്കാത്തത് വലിയ ഒരു ഉത്തരവാദിത്ത ലംഘനമാണ്.

കരട് ബൈലോ പ്രകാരം,ലേലം നടത്തി കടയേറ്റെടുക്കുമ്പോളുള്ള സെക്യൂരിറ്റി നിക്ഷേപം-5000/- രൂപ, 3 മാസത്തെ മുൻകൂർ വാടക, ഒരു വർഷത്തെ വാടക തുകയിൽ കുറയാത്ത സോൾവൻസി സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്തത് എന്നിവയൊന്നും സ്വീകരിച്ചതായുള്ള രേഖകൾ ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ പ്രകാരം ലഭ്യമല്ല. ഇത്തരം നടപടികൾ സ്വീകരിക്കാതെയും നിലവിൽ ഈടാക്കി വരുന്ന ചെറിയ വാടക തുകകൾ പോലും കൃത്യമായി പിരിച്ചെടുക്കാതെയും അടക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കാതെയും ഉത്തരവാദിയായ ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 2014-15- മുൻ വർഷങ്ങളിലെ വാടക രജിസ്റ്ററുകൾ ലഭ്യമല്ലാത്തതിനാൽ ഇതിലേക്ക് കൂടുതൽ അന്വേഷണം ആവശ്യമാണ്. അതുകൊണ്ട് നിലവിൽ കുടിശ്ശിക വരുത്തിയവരിൽ നിന്ന് നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 243 പ്രകാരം 3 വർഷത്തിൽ കൂടുതലായ അരിയർ തുക ഉത്തരവാദികളായ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി തനതുഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 26/20-12-2018)

## 2-3 ലേലം നടത്തിപ്പ്-അശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു

ചേർപ്പ് പഞ്ചായത്ത് ലേലം നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

I) ഉപയോഗ യോഗ്യമല്ലാത്ത വാഹനങ്ങളുടെ ലേലം ഇതുവരെ നടത്തിയില്ല

ഫയൽ നം A12682/14 dt. 21.2.14

പഞ്ചായത്ത് കോമ്പൗണ്ടിൽ ഉപയോഗിക്കാതെ കിടന്നിരുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തുറന്ന ഫയൽ ഇതുവരെ തീർപ്പാക്കിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD Mechanical sub division chalakudy-യുടെ കാര്യാലയത്തിൽ നിന്ന് 3 പിരീഡുകളിലായി ഇൻസ്പെക്ഷൻ & വാല്യുവേഷൻ റിപ്പോർട്ട് കൈപ്പറ്റിയെങ്കിലും ലേലനടപടികൾ ഇതുവരെ കൈക്കൊണ്ടിട്ടില്ല. സമയബന്ധിതമായി ലേല നടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം ഉണ്ടായിട്ടുണ്ട്.

| വാഹന മോഡൽ | വർഷം | 21.5.15 ലെ D3-706/89/LB vol 1,2,3 വാല്യുവേഷൻ | 28.3.18 ലെ D3-706/89 /LBIII വാല്യുവേഷൻ | 6.7.18 ലെ D3-706/89 /LBIII വാല്യുവേഷൻ |
|---|---|---|---|---|
| KL 08 AN 7899 Tractor | 2008 | 70000 | 35000 | 35000 |
| KL 08 AN 8645 Piaggio Ape 3 wheeler | 2008 | 50000 | 60000 | 20000 |
| KL 08 AQ 9965 Tractor with Trailor | വർഷം ലഭ്യമല്ല | 35000 | 25000 | 25000 |

KL 08 AN 7899 Tractor 'നഷ്ടപ്പെട്ടുപോയ RC book ന്റെ പകർപ്പ് ലഭ്യമായതിന് ശേഷം Uneconomy certificate, വാഹനത്തിന്റെ 3 വർഷത്തെ ചെലവു സ്റ്റേറ്റ്മെന്റ് എന്നിവ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചാലെ ലേല അനുമതി ലഭിക്കുകയുള്ളു. ഇത്തരം നടപടികൾക്ക് വേണ്ടത്ര മുന്നൊരുക്കം നടത്താത്തതിനാൽ കാലതാമസം നേരിട്ടതു കൊണ്ട് പഞ്ചായത്തിന്റെ ആസ്തിയിൽ മൂല്യശോഷണം സംഭവിച്ചിട്ടുണ്ട്.

II)ലേലം രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ചിലത് ലേലമായും, ചിലത് ക്വട്ടേഷനുമായാണ് വിളിക്കുന്നത്. ക്വട്ടേഷൻ വിളിക്കുന്നതുമൂലം പ്രതീക്ഷിക്കുന്ന വരുമാനം ലഭിക്കണമെന്നില്ല. ഉദാ:-ഉപയോഗശൂന്യമായ ബാറ്ററി ലേലം (5ബാറ്ററി)- 8500/- (117030111243/22.3.18).

III) Sale of Scrap ഇനത്തിൽ ലഭിച്ച 1540 രൂപ സംബന്ധിച്ച ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

IV) Other Rents എന്ന ശീർഷകത്തിൽ 113250/- രൂപ വരവുണ്ട്.എന്നാൽ തൈപ്പൂയ ലേലം നടത്തിപ്പിൽ 97350 രൂപക്കും ഫലവൃക്ഷങ്ങളുടെ അനുഭവ ആദായ ലേലം ആകെ 11870 രൂപക്കും ആണ് വിളിച്ചത്. അനുഭവ ആദായ ലേലം വരവ് രസീതു പ്രകാരം തൻവർഷം അടവാക്കിയത് എത്രയെന്ന് വ്യക്തമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

V) ലേലത്തിലെ നടപടിക്രമങ്ങൾ ലേല ഡയറിയിലെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (എൻക്വയറി നം: 27/21-12-2018)

## 2-4 അനധികൃത ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

ലൈവ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രാജീവ് തോട്ടാരത്ത് എന്ന വ്യക്തിയുടെ ഫാമിന് മാത്രമേ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ളൂ.

എന്നാൽ സാമ്പത്തിക വർഷം പശു, പന്നി, ആട് ഫാമുകൾ പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഫാമുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥൻ, സഞ്ചയയിൽ നിന്നു ലഭ്യമായ വീട്ടു കെട്ടിട നമ്പർ |
|---|---|
| | പശു, പന്നി ഫാം |
| 1 | ഉണ്ണികൃഷ്ണൻ, കാരണയിൽ എട്ടുമന (13/618, 619, 620, 621) -ശിവശക്തി കാറ്റിൽ ഫാം |
| | പശു ഫാമുകൾ |
| 1 | സെജോ തെക്കിനിയേടത്ത് (6/354,355A) |
| 2 | സിജിമുരളി കള്ളിയത്ത് പെരിഞ്ചേരി (6/132) |
| 3 | സണ്ണി അറക്കപ്പാടം ചൊവ്വൂർ (3/582, 583) |
| 4 | അബ്ദു പുതിയവീട്ടിൽ കരുവന്നൂർ (16/162) |
| 5 | സുധാകരൻ കളക്കുടത്ത് പടിഞ്ഞാറ്റുമുറി (18/198) |
| 6 | രാധാകൃഷ്ണൻ പയ്യപ്പിള്ളിൽ (8/271, 272) |
| 7 | സജി പണിക്കശ്ശേരി കരുവന്നൂർ (വീട്ടു നമ്പർ ലഭ്യമല്ല) |
| 8 | ജോജു കൊളമ്പ്രത്ത് പെരിഞ്ചേരി (വീട്ടു നമ്പർ ലഭ്യമല്ല) |
| 9 | കാർത്ത്യായനി ചെറുവത്തൂർ പറമ്പ്, ഊരകം (വീട്ടു നമ്പർ ലഭ്യമല്ല) |
| | ആട്ട ഫാമുകൾ |
| 1 | ജയൻ മുള്ളക്കര, ചേർപ്പ് 19/316 |
| 2 | ക്ളീറ്റസ് കുനമ്പിലാവ് (6/526, 526A) |
| 3 | രവി.കെ.എം. വിളങ്ങോട്ടു പറമ്പിൽ, ഊരകം (വീട്ടു നമ്പർ ലഭ്യമല്ല) |

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് ചട്ടം 2 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. ചട്ടം 10 അനുവർത്തിക്കേണ്ടതുമാണ്.

അഞ്ചിൽ കൂടുതൽ കന്നുകാലികൾ, 20ൽ കൂടുതൽ ആടുകൾ, അഞ്ചിൽ കൂടുതൽ പന്നികൾ, 25 ൽ കൂടുതൽ മുയലുകൾ, 100 ൽ കൂടുതൽ കോഴികൾ, എന്നിവയെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃത പ്രവർത്തനങ്ങളെ കണ്ടെത്താവുന്നതും ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്. (ഓഡിറ്റ് എൻക്വയറി നം 32/22-12-2018)

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് സഞ്ചയ പ്രകാരം പൂർണ്ണമല്ല:ഡി ആന്റ് ഒ ലൈസൻസ് നൽകൽ-പരിശോധന-മറ്റു അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് ട്രേഡേഴ്സ് ലിസ്റ്റ്, D& O രജിസ്റ്ററുകൾ, ഫയലുകൾ, സഞ്ചയ വിവിധ വിഭാഗ നോൺ റസിഡൻഷ്യൽ

കെട്ടിടങ്ങളുടെ ലിസ്റ്റുകൾ എന്നിവ പരിശോധിച്ചതിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 21 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. സഞ്ചയ പ്രകാരം 2464 വാണിജ്യ വ്യവസായകെട്ടിടങ്ങളുള്ളതിൽ ഡി&ഒ ഡി.സി.ബി. രജിസ്റ്റർ പ്രകാരം 910 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് ട്രേഡ്സ് ലിസ്റ്റ് പ്രകാരം 838. നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ (സഞ്ചയപ്രകാരം) എണ്ണം 2632.

സഞ്ചയ പ്രകാരം -നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കണക്ക്

വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ വിവരം

| | |
|---|---|
| $100m^2$ താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾ | 2312 |
| $100m^2$ ന മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾ | 137 |
| $200\ m^2$ നുള്ളിൽ വരുന്ന വാണിജ്യ കെട്ടിടങ്ങൾ | 7 |
| $200\ m^2$ നമുകളിൽ വരുന്ന വാണിജ്യ കെട്ടിടങ്ങൾ | 8 |
| ആകെ | 2464 |

മറ്റു സ്ഥാപനങ്ങളുടെ വിവരം

| | |
|---|---|
| വാണിജ്യാവശ്യ ബാങ്കുകൾ/സ്ഥാപനങ്ങൾ | 31 |
| ഓഫീസ് കെട്ടിടങ്ങൾ | 118 |
| അസംബ്ളി /ഓഡിറ്റോറിയം കെട്ടിടങ്ങൾ | 19 |
| ആകെ | 168 |

കൂടാതെ ആശുപത്രി വിഭാഗത്തിൽ 97കെട്ടിടങ്ങളും സ്കൂളുകളിൽ 31 എണ്ണവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

II)വാർഡ് തിരിച്ചുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല. താഴെ വിശദാംശം ചേർക്കുന്നു

| വാർഡ് | ട്രേഡ്സ് രജിസ്ററർ പ്രകാരം കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരം നികുതി അടക്കുന്ന നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 24 | 34 |
| 2 | 51 | 146 |
| 3 | 45 | 147 |
| 4 | 53 | 73 |
| 5 | 28 | 148 |
| 6 | 34 | 73 |
| 7 | 88 | 267 |
| 8 | 91 | 326 |
| 9 | 42 | 141 |
| 10 | 41 | 112 |
| 11 | 35 | 153 |
| 12 | 30 | 99 |
| 13 | 41 | 194 |
| 14 | 11 | 71 |
| 15 | 9 | 13 |
| 16 | 16 | 58 |
| 17 | 11 | 37 |

| | | |
|---|---|---|
| 18 | 27 | 127 |
| 19 | 10 | 50 |
| 20 | 138 | 326 |
| 21 | 13 | 37 |
| ആകെ | 838 | 2632 |

ട്രേഡേഴ്സ് രജിസ്റ്റർ അപൂർണ്ണമാണ്.വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യതവരുത്തേണ്ടതും ഡി ആന്റ് ഓ ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം ,വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്.ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ളെക്സ് കെട്ടിടങ്ങൾ വാടകക്കരാർ പുതുക്കുന്ന സമയത്തു തന്നെ ഡി ആന്റ് ഓ ലൈസൻസെടുത്ത വിവരം ഉറപ്പുവരുത്തേണ്ടതാണ്.

<u>ഡി ആന്റ് ഒ ലൈസൻസ് ചട്ടപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം</u>

2017-18 ൽ മാന്വൽ രസീതു ബുക്ക് പരിശോധനയിൽ ഭക്ഷ്യശാല/ബേക്കറി അനുബന്ധ സ്ഥാപനങ്ങളുടെ ഫീൽഡ് പരിശോധന നടത്തി വൃത്തിഹീന സാഹചര്യം/സാനിറ്ററി സർട്ടിഫിക്കറ്റ് /D&O ലൈസൻസ് അപര്യാപ്തത എന്നീ വിവിധ കാരണങ്ങളാൽ പിഴ ഈടാക്കിയതായി കാണുകയുണ്ടായില്ല.

അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 12/19-12-2018)

## 2-6 <u>തൊഴിൽ നികുതി ഈടാക്കിയില്ല-മറ്റു അപാകതകൾ</u>

I) ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പഞ്ചായത്തിനു കീഴിൽ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത് പഞ്ചായത്തിൽ നിന്നും ശമ്പളം കൈപ്പറ്റിയ താഴെ പറയുന്ന കണ്ടിജന്റ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്. 2017-18 ൽ തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തതും ഡിമാന്റ് ചെയ്തതിൽ കുറവ് ഈടാക്കിയതുമായുള്ള വിവരങ്ങളും അറ്റന്റൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ഈ വ്യക്തികളുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കിയ വിവരവും താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | ഒന്നാം അർദ്ധ വർഷ വരുമാനം | രണ്ടാം അർദ്ധ വർഷ വരുമാനം | ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി | രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി | നികുതി അടവാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 1 | മുരളീധരൻ.A.V., വാച്ച്മാൻ | 74410 | 71600 | 600/- (ഡിമാന്റ് ചെയ്തിട്ടില്ല) | 600/- (ഡിമാന്റ് ചെയ്തിട്ടില്ല) | 1200/- |
| 2 | ബിജു.കെ.വി. (ഡ്രൈവർ) | 42265 | 93845 | 300/- (ഡിമാന്റ് ചെയ്തിട്ടില്ല) | 750/- (ഡിമാന്റ് ചെയ്തിട്ടില്ല) | 1050/- |
| 3 | എൻ.ജി. അജയ് | 93110 | 72000 | 750/- (ഡിമാന്റ് | 600/- (ഡിമാന്റ് | 1350/- |

| | | | | | | |
|---|---|---|---|---|---|---|
| | നാഥ് (ലൈബ്രേറിയൻ) | | | ചെയ്തിട്ടില്ല) | ചെയ്തിട്ടില്ല) | |
| 4 | മാലതിയമ്മ (കാഷ്വൽ സ്വീപ്പർ) | 25000 | 24000 | 180 (ഡിമാന്റ് ചെയ്തിട്ടില്ല) | 180 (ഡിമാന്റ് ചെയ്തിട്ടില്ല) | 360 |
| 5 | ലിയ.പി.ഡി. (ടെക്നിക്കൽ അസിസ്റ്റന്റ്) | 127750 | 126000 | 750 (അടവാക്കി) 1250/- ആയിരുന്നു അടവാക്കേണ്ടിയിരുന്നത് | 750 (അടവാക്കി) 1250/- ആയിരുന്നു അടവാക്കേണ്ടിയിരുന്നത് | 1000 |
| 6 | ധന്യ.പി.ആർ (ഓവർസീയർ) | 82480 | 85325 | 750 (ഡിമാന്റ് ചെയ്തിട്ടില്ല) | 750 (ഡിമാന്റ് ചെയ്തിട്ടില്ല) | 1250/- |
| 7 | ശ്രീ പാർവ്വതി കിയോസ്ക്ക് മെസ്സെഞ്ചർ | 60010 | 65950 | 450 (600 ആയിരുന്നു അടവാക്കേണ്ടിയിരുന്നത് | 450 (600 ആയിരുന്നു അടവാക്കേണ്ടിയിരുന്നത്) | 300 |
| | | | | | ആകെ | 6510/- |

II)മറ്റു സ്ഥാപന ജീവനക്കാരുടെ റിട്ടേണുകൾ സമർപ്പിക്കാത്തതും നികുതി ഈടാക്കാത്തതുമായ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് ചേർപ്പ് വെസ്റ്റ്) | രണ്ടാം അർദ്ധ വർഷം |
| 2 | CI പോലീസ് കാര്യാലയം ചേർപ്പ് | രണ്ടാം അർദ്ധ വർഷം |
| 3 | ഡിസ്ട്രിക്റ്റ് മിഷൻ കോർഡിനേറ്റർ,കുടുംബശ്രീ | രണ്ടാം അർദ്ധ വർഷം |
| 4 | കാനറബാങ്ക് ജീവനക്കാർ | രണ്ടാം അർദ്ധ വർഷം |
| 5 | ചേർപ്പ് വല്ലച്ചിറ മൾട്ടി പർപ്പസ് കോപ്പറേറ്റിവ് സൊസൈറ്റി | രണ്ടാം അർദ്ധ വർഷം |
| 6 | ഐശ്വര്യ ജ്വൽക്രാഫ്റ്റ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 7 | ഹാൻടെക്സ് ചേർപ്പ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 8 | ഹോട്ടൽ സവേര പാർക്ക് | ഒന്നം രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 9 | സരസ്വതി കോളേജ് | ഒന്നും രണ്ടും അർദ്ധ വർഷ വരുമാനം ഡിമാന്റ് ചെയ്തിട്ടില്ല |
| 10 | മെന്റേഴ്സ് അക്കാദമി | ഒന്നും രണ്ടും അർദ്ധ വർഷ വരുമാനം ഡിമാന്റ് ചെയ്തിട്ടില്ല |
| 11 | ശ്രീ ശങ്കര ശിശുഭവൻ | ഒന്നും രണ്ടും അർദ്ധ വർഷ വരുമാനം ഡിമാന്റ് ചെയ്തിട്ടില്ല |
| 12 | വിദ്യാഭാരതി സയൻസ് അക്കാദമി | ഒന്നും രണ്ടും അർദ്ധ വർഷ വരുമാനം ഡിമാന്റ് ചെയ്തിട്ടില്ല |
| 13 | നാഷണൽ ഇൻഷുറൻസ് | ഒന്നാം അർദ്ധ വർഷം |
| 14 | ചേർപ്പ് കുറീസ് | ഒന്നാം അർദ്ധ വർഷം |
| 15 | കല്യാൺ ജ്വല്ലേഴ്സ് ഇന്ത്യ ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| 16 | തൃശ്ശൂർ താലൂക്ക് ഫർണ്ണീച്ചർ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| 17 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |
| 18 | അർപ്പിത ഹോട്ടൽ | ഒന്നാം അർദ്ധ |

| | | | വർഷം |
|---|---|---|---|

2018-19 വർഷത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം 2018-19 സാംഖ്യ പ്രയർ പിരീഡ് ലഡ്ജർ പ്രകാരം ഓഡിറ്റിന്ന ലഭ്യമാക്കേണ്ടതാണ്.

III) 205(സി) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെ തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്.ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും,കമ്പനികളുടെയും ,തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം 113 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ച് നികുതി അടവാക്കുന്നത്. വ്യാപാരികളെ സംബന്ധിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 838 സ്ഥാപനങ്ങളും,ഡി,&ഒ രജിസ്റ്റർ പ്രകാരം 910 സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം 12 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി കാണുന്നു.ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥാപന ഉടമയിൽ നിന്നും ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാഹരണമായി പ്രൈം ഡെക്കർ എന്ന സ്ഥാപനം ഡിആന്റ് ഒ ലൈസൻസിനു സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 4 ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനഉടമയിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഡി& ഒ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്ററ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും,തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം 11/19-12-2018)

## 2-7 പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ-അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ,രജിസ്റ്റർ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 10.1.17, 8.2.17, 10.3.17, 30.3.17, 17.7.17, 13.9.17, 8.1.18, 8.3.18 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

| വാർഡ് | മിനിറ്റ്സ് തീരുമാന പ്രകാരമുള്ള പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ എണ്ണം | അപേക്ഷ രജിസ്ററർ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണം(കെട്ടിട നമ്പറുകൾ) |
|---|---|---|
| I | (1)32A | (3)79,316,507 |
| II | (3)53,335,456 | (1)562 |
| III | (4)615,665,666,670 | ഇല്ല |
| IV | (7)14,71,77,513,364,369,563 | (2)369,563 |

| | | |
|---|---|---|
| V | ഇല്ല | (1)325 |
| VI | (6)247,262,267,54,354,374 | (4)54,247,337,354 |
| VII | (10)493,494,45,46,47,48,49,50,713,478 | (4)221,451,493,494 |
| VIII | ഇല്ല | (1)11 |
| IX | (3)402,187,183 | (3)211,390,402 |
| X | (3)452,174,329 | (1)441 |
| XI | ഇല്ല | ഇല്ല |
| XII | ഇല്ല | ഇല്ല |
| XIII | ഇല്ല | ഇല്ല |
| XIV | ഇല്ല | ഇല്ല |
| XV | ഇല്ല | ഇല്ല |
| XVI | ഇല്ല | ഇല്ല |
| XVII | (6)40,339,135,133,138,335 | (1)34 |
| XVIII | (3)154,418A,300 | ഇല്ല |
| XIX | (4)13,236,432,534 | (1)285 |
| XX | (8)51,161,171,183,247,248,349,421 | ഇല്ല |
| XXI | (2)32,430 | ഇല്ല |
| ആകെ | 60 | 22 |

I) മേൽപ്പട്ടികയിൽ മിനിറ്റ്സ് പ്രകാരമുള്ള പല കെട്ടിടങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്ററിൽ ചേർത്തിട്ടുള്ള പല കെട്ടിടങ്ങൾക്കും കമ്മറ്റിയിൽ വെച്ച് സാധൂകരണം വാങ്ങിയിട്ടുമില്ല. രജിസ്റ്ററിലില്ലാത്ത, സാധൂകരണം ലഭിച്ച കെട്ടിടങ്ങളുടെ അപേക്ഷകൾ, ഫീൽഡ് പരിശോധന റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല .

II) സഞ്ചയ ലിസ്റ്റിൽ 443 കെട്ടിടങ്ങൾ ചേർത്തതായി കാണുന്നു. ലഭ്യമാക്കിയിട്ടുള്ളതിൽ 99 എണ്ണം വാണിജ്യ, വ്യാവസായിക അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങൾ ആണ്. അപേക്ഷ പ്രകാരം കമ്മറ്റിയിൽ വെച്ച് സാധൂകരണം വാങ്ങിക്കാതെ കെട്ടിടങ്ങൾ സഞ്ചയയിൽ പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങളിൽ ഉൾപ്പെടുത്തുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

സഞ്ചയയിലുള്ള, സാധൂകരിക്കാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക വിവരം ലഭ്യമാക്കേണ്ടതാണ്

UA കെട്ടിടം പൊളിച്ചു മാറ്റിയതായി സഞ്ചയയിൽ കാണുന്നു. കെട്ടിടത്തിന്റെ ഇതുവരെയുള്ള കെട്ടിട നികുതി അടവാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

III) രജിസ്റ്ററിൽ ചേർത്തിട്ടുള്ള 7/221, 9/211എന്നീ കെട്ടിടങ്ങൾ വിമുക്ത ഭടന്മാർക്കുള്ള നികുതിയിളവിൽ ഉൾപ്പെട്ടവരാണ്. സഞ്ചയയിൽ വിമുക്ത ഭടന്മാർക്കുള്ള ലിസ്റ്റിൽ ഉൾപ്പെട്ടവരുമാണ്.

IV) അപേക്ഷ, മിനിറ്റ്സ് പ്രകാരമുള്ള അന്തോണി എലുവത്തിങ്കൽ, കെട്ടിട നം. 4/369, സഞ്ചയ ലിസ്റ്റിൽ 4/586 എന്നാണ് ചേർത്തു കാണുന്നത്

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 13/19-12-2018). ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 വിമുക്ത ഭടൻന്മാർക്ക് കെട്ടിടനികുതിയിളവ്-അപാകതകൾ

വിമുക്ത ഭടൻന്മാർക്ക് കെട്ടിടനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, രജിസ്റ്റർ, സഞ്ചയയിൽ നിന്നുള്ള 2017-18-ലെ കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 17.7.17, 8.1.18, 8.3.18 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

I) രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകൾ-87

മിനിറ്റ്സ് പ്രകാരം ഇളവു നൽകുന്നതിനു തീരുമാനം എടുത്തത്-26

സഞ്ചയയിൽ ചേർത്തത്-89

രജിസ്റ്റർ പ്രകാരമുള്ള എല്ലാ അപേക്ഷകളും സ്റ്റാന്റിംഗ് കമ്മറ്റിയിൽ വെച്ച അംഗീകാരം വാങ്ങാതെയാണ് സഞ്ചയയിൽ ചേർത്തിട്ടുള്ളത്. ആയതിനു വിശദീകരണം നൽകേണ്ടതാണ്. സഞ്ചയയിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ച അപേക്ഷകൾ എല്ലാം ഫയലിൽ ലഭ്യമല്ല. മേൽ കെട്ടിടങ്ങളുടെ ഫയലുകൾ, നികുതി ഒഴിവാക്കിയ വിവരം, അധിക ഏരിയ ഉണ്ടെങ്കിൽ ആയതിനു നികുതി ഈടാക്കിയ വിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

II) ലഭ്യമായ അപേക്ഷകളിൽ പലതിനും സത്യവാങ് മൂല സാക്ഷ്യപത്രത്തിലും പരിശോധന റിപ്പോർട്ടിലും കെട്ടിട ഏരിയ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ തൃപ്തികരമായ മറുപടി നൽകിയിട്ടില്ല.

സഞ്ചയലിസ്റ്റിൽ 9/390, $250m^2$ എന്ന കെട്ടിടത്തിനു (സുബ്രമണ്യൻ ടി കെ, ഉമ്പൂർ) അധിക സ്ക്വയർ ഫീറ്റിനു ($250m^2$-$185.8m^2$=$64.2m^2$) 5 രൂപ നിരക്കിൽ വസ്തുനികുതി ചുമത്താനും $185m^2$ വരെയുള്ള കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകുവാനും റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. അതു പോലെ കെട്ടിട നം- XIX/509($233m^2$)-ഷംസുദ്ദീൻ പേടിക്കാട്ടിൽ, കെട്ടിട നം-7/221($190m^2$)-ദിനേശ്ചന്ദ്രൻ പറമ്പിൽ എന്നീ വ്യക്തികളുടെ ബിൽഡിംഗ് ഏരിയ അനുസരിച്ച് പരിശോധന റിപ്പോർട്ടിൽ ഇളവു കഴിച്ചുള്ള ഏരിയക്ക് നികുതി ചുമത്താൻ നിർദ്ദേശിച്ചതായി കാണുന്നില്ല.

III)കോമ്പത്ത് രാജൻ സുകുമാരൻ IX/172, k.J.ബെന്നിച്ചൻ കാഞ്ഞപറമ്പിൽ 10/144 എന്നീ വിമുക്തഭടന്മാരുടെ അപേക്ഷ രജിസ്റ്റർ, മിനിറ്റ്സ് എന്നിവയിലുണ്ടെങ്കിലും വിവരം സഞ്ചയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്വെയർ അപാകതയാണെങ്കിൽ ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

പരിശോധന റിപ്പോർട്ടുകൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുകാണുന്നില്ല. ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റി അംഗീകാരം ലഭ്യമാക്കൽ, അധിക ഏരിയക്കുള്ള നികുതി ചുമത്താനുള്ള നിർദ്ദേശങ്ങൾ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെടേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 14/19-12-2018). ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 വേക്കൻസി റമിഷൻ-അപാകതകൾ

വേക്കൻസി റമിഷൻ-കെട്ടിട നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, രജിസ്റ്റർ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 17.7.17, 9.10.17, 7.12.17, 8.1.18 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

I)രജിസ്റ്റർ പ്രകാരമുള്ള അപേക്ഷകൾ-5 (കെട്ടിട നം. VII/21C, 12B, 12C, 12D, 12E, V/414, 240C, 240D, 240E, 240F, 8/363C)

മിനിറ്റ്സ് പ്രകാരം ഇളവു നൽകുന്നതിനു തീരുമാനം എടുത്തത്-5 (എല്ലാം അപേക്ഷ പ്രകാരമുള്ളത്)

II) 9.10.17, 7.12.17 തീയതികളിലെ തീരുമാനപ്രകാരം വേക്കൻസി റമിഷൻ നൽകിയ വിൽസൻ പഞ്ഞിക്കാരൻ (കെട്ടിട നമ്പർ ഇല്ല), സുരേഷ്കുമാർ.എം.എസ്. (കെട്ടിടനം V/414) എന്നിവരുടെ വിവരം സഞ്ചയയിൽ വന്നിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള VII/21 കെട്ടിട നമ്പർ വിവരം, മിനിറ്റ്സ്, സഞ്ചയ എന്നിവയിൽ ഇല്ല.

പരമേശ്വരൻ ,കൃഷ്ണൻകുട്ടി,ഗോപി -കൊച്ചം വീട്ടിൽ (V/238-വാണിജ്യ കെട്ടിടം)

ജോയ്, ലൂസി ജോയ് (ചേർപ്പ് ഈസ്റ്റ് വാർഡ് കെട്ടിട നം 16) എന്നിവരുടെ IIാം പകുതി മിനിറ്റ്സിലും രജിസ്റ്ററിലും രേഖപ്പെടുത്താതെ സഞ്ചയയിൽ ഇളവു നൽകിയിരിക്കുന്നു. ടി കെട്ടിടങ്ങളുടെ കെട്ടിട നികുതി കടിശ്ശിക ഉണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

ജോർജ്ജ് വീരമ്പുള്ളി എന്ന വ്യക്തിക്കു പകരം വിജേഷ് ഫ്രാൻസിസ്, ഷിജോ ജോസഫ് വീരമ്പുള്ളി എന്നിവരുടെ കെട്ടിടത്തിനാണ് (ചൊവ്വൂർ വാർഡ്/കെട്ടിട നം 67) സഞ്ചയയിൽ വേക്കൻസി റമിഷൻ നൽകിയിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 14/19-12-2018)

## 2-10 ക്രമവൽക്കരണം-മറ്റു അപാകതകൾ

2017-18 വർഷത്തെ കെട്ടിടങ്ങളുടെ പെർമിറ്റ് രജിസ്റ്റർ, കെട്ടിടങ്ങളുടെ ഫയലുകൾ, പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ, സാംഖ്യ ഹെഡ് വൈസ് റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

I) ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ അപേക്ഷ വിവരം പെർമിറ്റ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. (തപാൽ നമ്പർ, ബിൽഡിംഗ് ഏരിയ, റസിഡൻഷ്യൽ കൊമേഴ്സ്യൽ കെട്ടിടം എന്ന വിവരം, റഗുലറൈസ് ചെയ്ത തുകയുടെ വിവരം, കെട്ടിട നമ്പർ എന്നിവ)

91 ക്രമവൽക്കരണ അപേക്ഷകരുടെ പേര്, ക്രമവൽക്കരണ ഫീ, തീയതി എന്നുമാത്രം രേഖപ്പെടുത്തി പെർമിറ്റ് രജിസ്റ്ററിൽ ബാക്കിൽ ചേർത്തിരിക്കുന്നു.
എത്ര കെട്ടിടങ്ങൾ പെർമിറ്റ്/NOC എടുക്കാതെ ക്രമവൽക്കരിച്ചു എന്ന വ്യക്തമല്ല

പെർമിറ്റ് എടുക്കാതെ കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണത്തോടനുബന്ധിച്ച് രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ പെർമിറ്റ് ഫീ കൂടി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര് | കെട്ടിട നംപർ | ഈടാക്കേണ്ട ഫീ | ഈടാക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| സജീവൻ വാസുദേവൻ | 14/264B | 196.39*3*3 | 1180 | 589.17 | പാർപ്പിടം |
| കാർത്തികേയൻ & സ്നേഹ | XII/1c | 173.76*3*3 | 1043 | 521.28 | പാർപ്പിടം |
| ഔസേപ്പ്,വീരാളി വീട് | IV/531F | 272.79*3*3 | 1638 | 818.37 | പാർപ്പിടം |
| ജോസഫ് ജോയ്സി പള്ളിപറമ്പിൽ | XXI/31A | 254.11*3*3 | 1525 | 762.33 | പാർപ്പിടം |
| കക്രാലി അബ്ദുൾ റഹിം | X/361B | 121.38*3*3 | 729 | 364.14 | പാർപ്പിടം |

സർക്കുലർ നമ്പർ 229813/RD/2/15 ത.സ്വ.ഭ.വ തീ.11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിൽ അനുവാദം പുതുതായി നൽകേണ്ടതായ കാര്യത്തിൽ ആണെങ്കിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീ കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അത്തരം കുറവ് വന്ന തുകകൾ ഈടാക്കേണ്ടതാണ്.

പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും സോഫ്റ്റ് വെയറിൽ ആയത് കണക്കാക്കപ്പെടുന്നില്ല. ഇത്തരത്തിലുള്ള ന്യൂനതകൾ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ടുന്ന തുകയിൽ കുറവു വരുന്നതിന് കാരണമാകുന്നു.

<u>മറ്റു അപാകതകൾ</u>

ക്രമവൽക്കരണകെട്ടിടങ്ങളുടെ ഫയലുകളിൽ ബാക്ക് ഫയൽ ചേർക്കാത്തത്

1)A2-7956/17-ബാക്ക് ഫയൽ നം A2 9035/15

പ്രൊപ്പോസ്ഡ് പ്ളാൻ, മുൻ പരിശോധന റിപ്പോർട്ട് ലഭ്യമല്ല

2)A28989/17/ 18.8.17

പ്രൊപ്പോസ്ഡ് പ്ളാൻ, മുൻ പരിശോധന റിപ്പോർട്ട് ലഭ്യമല്ല. അപാകതകളും ന്യൂനതകളും പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 36/22-12-2018)

## 2-11 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശ്ശിക സംബന്ധിച്ച്</u>

2017-2018 ൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട | കെട്ടിട ഉടമ | കുടിശ്ശിക | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | | | |
| 7/382 | ജേക്കബ് തോമസ് MD, ATC Telecom | 42300 (6300 തൻവർഷം) | 2013-14 to 2017-18 |
| 20/508 | ഭാരതി ടെലിവെന്‍ച്ചേഴ്സ് (ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്) | 117895 (17559 തൻവർഷം) | 2013-2014-2017-18 |
| ആകെ | | 160195 | |

കുടിശ്ശിക തുക ഈടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 33/22-12-2018)

## 2-12 സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്.സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൌണ്ട്സ് അപാകതയായി ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. ).

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തൽ,കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്, കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നത്,സോഫ്റ്റ് വെയറിന്റെ പരിമിതികൾ മുതലായവ സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി.ഇത്തരം അപാകതകൾ മാനവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്ട്രാ ടൂളുകൾ നൽകിവരുന്നുണ്ട്.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൌച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്ക്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങി കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ്തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

<u>രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല</u>

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൗച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential buiding” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ,

സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 280,095/- രൂപയുടെയും (ശീർഷകം I18-280100101) വരവായി ക്രമീകരിച്ച 346,953/- (ശീർഷകം I18-280100104) രൂപയുടെയും ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല. എന്നാൽ പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾ ചേർത്തതുമൂലം കെട്ടിട നികുതിയിൽ 26208/- രൂപയും വിമുക്ത ഭടൻമാർക്ക് നികുതിഒഴിവാക്കൽ വഴി കെട്ടിടനികുതിയിൽ 14385/- രൂപയും വാക്കൻസി റമിഷൻ വഴി 10190/-രൂപയും സ.ഉ (എം.എസ്. നം.358/15 ത.സ്വ.ഭ.വ. തീ.16/12/15 എന്നിവ പ്രകാരവും ആകെ 499568/- രൂപ ഒഴിവാക്കിയിട്ടുണ്ട്. വസ്തു നികുതി അരിയർ കളക്ഷൻ 77.76% ഉം കറന്റ് കളക്ഷൻ 89.63% ഉം ആണ് (ഓഡിറ്റ് എൻക്വയറി 34/22.12.18)

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

പെർമിറ്റ്/ക്രമവൽക്കരണ രജിസ്റ്റർ,കെട്ടിടനികുതിയുടെ അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ പ്രകാരം 91 കെട്ടിടങ്ങൾക്ക് ക്രമവൽക്കരണം നടത്തുകയും 174 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ച് 14640 കെട്ടിടങ്ങൾ പ്യൂരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇതിൽ ഓഡിറ്റ് കാലയളവു വരെ10663 കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് അംഗീകരിച്ചിട്ടുണ്ട്. 3977 കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ പെന്റിംഗിൽ ആണ്. ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നികുതിയിൽ 255,965/- രൂപ വർദ്ധനവ് വന്നിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 34/22.12.18)

## 2-13 ഗ്ലോബൽ സ്കൂൾ അനധികൃത നിർമ്മാണം -വ്യാജ പെർമിറ്റ് ചമച്ച് സ്കൂൾ പ്രവർത്തനം-പഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ജോണി വർഗ്ഗീസ്, കുരിയച്ചിറ എന്ന വ്യക്തിയുടെ A2 6404,05/17 തീ 31.5.17 നം വിവരവകാശ ഫയൽ, സെക്രട്ടറിക്കുള്ള പരാതി എന്നിവ പ്രകാരം നിലം നികത്തിയ ഭൂമിയിൽ ഗ്ലോബൽ പബ്ലിക് സ്കൂൾ ,ചേർപ്പ് പടിഞ്ഞാറ്റുമുറി എന്ന സ്കൂൾ അനധികൃത കെട്ടിടനിർമ്മാണം നടത്തി സിബിഎസ് ഇ സ്കൂൾ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിച്ച് വരുന്നതിനെ കുറിച്ചും ടി കെട്ടിടത്തിനു കെട്ടിടനം ലഭിക്കുവാൻ അപേക്ഷൻ സമർപ്പിച്ച അപേക്ഷയുടെ പകർപ്പുകൾ ആവശ്യപ്പെട്ടും പരാതി നൽകുകയുണ്ടായി.

ഇതേ തുടർന്ന് LSGD അസിസ്റ്റന്റ് എഞ്ചിനീയർ, സെക്ഷൻ ക്ലർക്ക് എന്നിവർ സ്ഥല പരിശോധന നടത്തി നെൽവയൽ നികത്തിയ സ്ഥലത്ത് ആണ് കെട്ടിടനിർമ്മാണം നടത്തിയിരിക്കുന്നതെന്ന് ബോധ്യപ്പെടുകയുണ്ടായി.തുടർ നിർമ്മാണ പ്രവർത്തികൾ നിർത്തി വെക്കുവാനും പെർമിറ്റ് രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടതിനെ തുടർന്ന് ഹയാത്ത് ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി ഗ്ലോബൽ സ്കൂൾ നിർമ്മാണ പ്രവർത്തനം തുടങ്ങി വെച്ച ട്രസ്റ്റ് ചെയർമാൻ നിഷാദ്.പി.എം. എന്നവർ പെർമിറ്റ് ,പ്ലാൻ,സ്ഥലമുടമസ്ഥത എന്നിവ സംബന്ധിച്ച അസ്സൽ രേഖകൾ ഹാജരാക്കുന്നതിനു പകരം പെർമിറ്റ് പകർപ്പ്,(A2 3075/15 dt 13.5.15),പ്ളാൻ പകർപ്പ് എന്നിവ ഹാജരാക്കിയതിൽ ചേർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും മുദ്രയും ധന്യ ടി വി എന്ന LSGDഎഞ്ചിനീയറുടെ ഒപ്പും മുദ്രയും പതിപ്പിച്ചിട്ടുള്ളതായി 28.6.17 ൽ A2/6405/17 നം കത്തുപ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്ത്സെക്രട്ടറി ചേർപ്പ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കു നൽകിയ പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട് .

അസിസ്റ്റന്റ് എഞ്ചിനീയർ ധന്യ ടി വി ഈ കാര്യാലയത്തിലേക്ക് E3-2100/08/CO/LSGD dt 14.5.2015 നം ഉത്തരവു പ്രകാരം 15.5.15 AN ആണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നതിനാൽ പ്ലാൻ പ്രകാരമുള്ള സീൽ, ഒപ്പ് വ്യാജമാണെന്ന് ടി എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്(23.6.17 ലെ 313/AE/LSGD/CHP/17-18 നം കത്ത്).പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല നിർവഹിച്ചിരുന്ന അസി .സെക്രട്ടറി ആർ സുബ്രമണ്യൻ എന്നവർക്കു നിലവിൽ ജോലി ചെയ്യുന്ന കാര്യാലയത്തിലേക്ക് അറിയിപ്പ് നൽകുകയും ടിയാൾ നൽകിയ മറുപടിയിൽ പെർമിറ്റിൽ രേഖപ്പെടുത്തിയ ഒപ്പ് തന്റെതല്ലെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.( കത്ത് നം A2/7421/17 തീ 1.7.17) .ഈ

വിഷയത്തിൽ ഫ്രണ്ട് ഓഫീസ് ഇൻവേർഡ് രജിസ്റ്ററിൽ തപാൽ നം A2/3075/15 തീ 4.3.15 എന്ന രേഖപ്പെടുത്തിയതായും പെർമിറ്റ് രജിസ്റ്റർ പ്രസ്തുത പേജ് പകർപ്പിൽ തപാൽനം തീയതി ഇല്ലാതെയും പേര് വ്യക്തതയില്ലാതെയും രേഖപ്പെടുത്തി മറ്റൊന്നും രേഖപ്പെടുത്താതെയും സൂക്ഷിച്ചിട്ടുള്ളത് ഓഡിറ്റിനു ലഭ്യമാക്കിയ ഫയൽ പകർപ്പ് വ്യക്തമാക്കുന്നു (സെക്ഷൻ ക്ലർക്ക് ഓഡിറ്റിനു നൽകിയ മറുപടി പ്രകാരം ഒറിജിനൽ രേഖകൾ (പെർമിറ്റ്,രജിസ്റ്റർ) പോലീസ് കസ്റ്റഡിയിൽ ആണെന്നാണ്) എന്നാൽ കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷ,പ്രൊപ്പോസ്ഡ് പ്ളാൻ,സ്ഥല പരിശോധന റിപ്പോർട്ട്,പെർമിറ്റ് ഫീ ഈടാക്കിയ സംബന്ധിച്ച രേഖകൾ എന്നിവ കാര്യാലയത്തിൽ ലഭ്യമല്ലെന്ന് ഉടർ ഫയൽ പരിശോധന കത്തിൽ (A2-6405/17 തീ 27.10.17 ) രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതുസംബന്ധിച്ച നിജസ്ഥിതി അന്വേഷിച്ചു കണ്ടെത്തേണ്ടതും,അതിനായി നിയമനടപടികൾ അടിയന്തിരമായി കൈ കൊള്ളേണ്ടതും പഞ്ചായത്തിന്റെ വിശ്വാസ്യത നിലനിർത്തേണ്ടതും അനിവാര്യമായതിനാൽ പഞ്ചായത്തു കമ്മറ്റിയുടെ ശ്രദ്ധ ഇതിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

## 2-14 ഇ -ടെണ്ടർ വിവരം ലഭ്യമാക്കുന്നതു സംബന്ധിച്ച്

2017-18 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എത്ര പ്രോജക്ടുകളിൽ ഇ-ടെണ്ടർ നടത്തിയിട്ടുണ്ടെന്ന വിവരവും ഇതിൽ നിന്നുള്ള ടെണ്ടർ ഫീ വരവിന്റെ വിവരവും (പ്രൊജക്ട് ക്രമപ്രകാരം) ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമപഞ്ചായത്തിനു ഇതുവരെ ലഭ്യമാകാനുള്ള ടെണ്ടർ ഫീ വരവ് വിവരം (വർഷം തിരിച്ച്), 2015-16, 2016-17ലെ അരിയർ തുക), ഇതുവരെ ലഭിച്ചത്, ഇനി ലഭിക്കാനുള്ള തുകയുടെ വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം 17/19-12-2018). മേൽ പറഞ്ഞ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, ഇ ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കാനുള്ള തുക എത്രയും വേഗം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലോഗ്ബുക്ക് അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ജനറേറ്റർ വാങ്ങി പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. എന്നാൽ ജനറേറ്ററിന് ലോഗ്ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ജനറേറ്ററിന്റെ ലോഗ് ബുക്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന വാഹനമായ സ്കോർപ്പിയോ KL-8-BM-3610 യ്ക്ക് ലോഗ്ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും മാസാവസാനം സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. ജി.ഒ.(എം.എസ്.) 170/2007 ത.സ്വ ഭ.വ 30.6.2007 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയായിരിക്കുന്നതാണ്. ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ലോഗ്ബുക്ക്, പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകളും റെക്കോർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

## 3-2 തെരുവുവിളക്കുകളുടെ സ്ഥാപനം, പരിപാലനം, അറ്റകുറ്റപ്പണി- തൻവർഷത്തെ ചെലവ് -25,06,629 രൂപ-അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവുവിളക്കുകളുടെ സ്ഥാപനം, പരിപാലനം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പദ്ധതി നം 1/18
തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി

തനതുഫണ്ട് അടങ്കൽ തുക196927

ചെലവുതുക 196927
ട്രഷറി ബിൽ നം. 23/18/25.1.18

2. പദ്ധതി നം 14/18

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി

തനതുഫണ്ട് അടങ്കൽ തുക 795000

ചെലവുതുക 643099

ട്രഷറി ബിൽ നം. 23/18/25.1.18

3. പദ്ധതി നം 90/18

തെരുവു വിളക്കുകൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ

ധനകാര്യകമ്മീഷൻ അടങ്കൽ തുക 200000

ചെലവു തുക – 200000;
ട്രഷറി ബിൽ നമ്പർ – 13/ 11.1.18/ 91939

– 14/ 11.1.18/ 80151

– 19/ 25.1.18/ 27910
തനതുഫണ്ട് അടങ്കൽ തുക 200000
ചെലവു തുക – 1,98,717/-

| | |
|---|---|
| ചെക്ക് നമ്പർ | 1434255/ 22.02.18 – 66189 |
| | 1434264/15.03.18 – 132528 |
| | -----------<br>198717<br>====== |

4. പദ്ധതി നമ്പർ - 92/18

8, 9, 19, 20 വാർഡുകളിലേക്ക് എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ

ധനകാര്യകമ്മീഷൻ അടങ്കൽ തുക 1225000

അവാർഡ് 1224828

5. പദ്ധതി നമ്പർ - 180/18

തെരുവു വിളക്ക് റിപ്പയർ കുടിശ്ശിക നൽകൽ

തനതുഫണ്ട് അടങ്കൽ തുക – 50000

43058

മേൽ പദ്ധതികൾക്കായി ഈയിനത്തിൽ 25,06,629 രൂപ തൻവർഷം ചെലവാക്കി. മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ക്രമ നം.4 പദ്ധതി പ്രകാരം പഞ്ചായത്തിലെ 7, 8, 9, 19, 20 വാർഡുകളിൽ LED Streetlight സ്ഥാപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| LED ബൾബ് | വാർഡുകൾ | ആകെ എണ്ണം |
|---|---|---|

| ഇനം/ തരം | 7 | 8 | 9 | 19 | 20 | |
|---|---|---|---|---|---|---|
| 24w | | 183 | 143 | 202 | 172 | 700 |
| 36w | | | 21 | | 15 | 36 |
| 48w | 12 | 10 | 20 | | 10 | 52 |

പദ്ധതി പ്രകാരം 8, 9, 19, 20 വാർഡുകളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചതിൽ 7 -ാം വാർഡു കൂടി ഉൾപ്പെടുത്തി കാണുന്നു. 17.11.2017ലെ Sec /109/17-18/17.11.17 നമ്പർ കരാർ ഉടമ്പടിയിൽ 8, 9, 19, 20 വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷനും പരിപാലനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 7 വാർഡ് കരാർ പ്രകാരം ഉൾപ്പെടുത്തിയിട്ടില്ല. 22.1.18 ലെ 6(2) നമ്പർ ഭരണസമിതി തീരുമാനത്തിലും ടി വാർഡ് പരാമർശിച്ചിട്ടില്ല.

2. കരാറുകാരായ കെ. ആർ. ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ തിയതി വെക്കാത്ത ലെററർ പാഡുകളിലാണ് ചെയ്ത പ്രവൃത്തി വാർഡുമെമ്പർമാർ മാത്രം സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ആയതുപ്രകാരം വാർഡ് 7ൽ 48w LED ലൈറ്റ് 12 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. തിയതി വെക്കാത്ത വാർഡുമെമ്പർമാരുടെ ഒപ്പുകൾ മാത്രമുള്ള (ഉദാ. വാർഡ് 7) ലെറ്റർ പാഡുകൾ പ്രകാരമാണ്, 12,24,828 രൂപ (B0994 /15.1.18 K.R.Distributions Invoice) കൈമാറിയിരിക്കുന്നത്. പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആയത് പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി രേഖയില്ല.

3.6.11.2017 ലെ സപ്ലൈ ഓർഡർ നമ്പർ എ4-03/17 ലെ നിബന്ധന പ്രകാരം കരാറുടമ്പടി തിയതി മുതൽ 45 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് വാർഡുമെമ്പർമാരും കെ എസ് ഇ ബി അധികൃതരും ഒപ്പുവെച്ച പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. K.R.Distributors ലഭ്യമാക്കിയ സാക്ഷ്യപത്രം മേൽ നിബന്ധന പാലിച്ചിട്ടില്ല. കരാർ തിയതി 17.11.17, സാക്ഷ്യപത്ര തിയതി രേഖപ്പെടുത്തിയിട്ടില്ല.

4 .K.R.Distributors ന്റെ In No B0994/15.1.2018 ബില്ലിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല.

5. പുതിയതായി സ്ഥാപിച്ച LED Streetlight കളുടെ വാറണ്ടി ഉറപ്പുവരുത്തിയിട്ടില്ല. ലഭ്യമാക്കിയ ഫയലിൽ എവിടെയും ഇതു സംബന്ധിച്ച രേഖകളില്ല.സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.63 ലെ നിർദ്ദേശാനുസരണം വാറണ്ടി കാലാവധി അവസാനിച്ചതിനുശേഷം AMCൽ ഏർപ്പെടാവുന്നതാണ്. കരാർ പ്രകാരം രണ്ടുവർഷത്തെ തുടർപരിപാലനം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

6.സെക്രട്ടറി തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവുവിളക്കുകളുടെ അറ്റകുറ്റപണി എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പദ്ധതി നം. 14/18

കരാർ Sec/07/16.8.17

വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമനുസരിച്ച് 6,43,099 രൂപ വിവിധ ബില്ലുകളായി കരാറുകാരന് കൈമാറിയിട്ടുണ്ട്. ആയതിലും LED Streetlight repair എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നം. 92/18 പ്രകാരമുള്ള LED Streetlight കളുടെ റിപ്പയറും 14/18 പ്രകാരമുള്ള പ്രവൃത്തി നടന്നതും വേർതിരിച്ച് മനസ്സിലാക്കുവാൻ സാധ്യമാക്കുന്ന തരത്തിൽ Streetlight രജിസ്റ്റർ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. പദ്ധതി ചെലവിൽ ഇരട്ടിപ്പ് വരുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല.

7. തെരുവു വിളക്കുകൾ റിപ്പയർ ചെയ്തത്/പുതിയത് ഫിറ്റ് ചെയ്തത് സംബന്ധിച്ച് കെ.എസ്.ഇ.ബി. ഡിവിഷൻ ഓഫീസ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി 883084/- രൂപയും തെരുവു വിളക്കുകൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ പദ്ധതിക്ക് 1624828/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സ്ട്രീറ്റ് ലൈറ്റ് ചാർജ്ജസ് ഇനത്തിൽ 1,777,296 /- രൂപ കെ.സ്.ഇ.ബി.യിൽ അടവാക്കിയിട്ടുണ്ട്. വർഷാവർഷം വൻതുക ചെലവഴിച്ച് തെരുവുവിളക്കുകൾ പരിപാലിക്കുന്നുണ്ടെങ്കിലും ആയതു സംബന്ധിച്ച് കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല.തെരുവു വിളക്കുകൾ സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയത് പൂർണ്ണമല്ല.രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.നിലവിൽ പ്രവത്തിയ്ക്കുന്നതും പ്രവർത്തനരഹിതമായതുമായ തെരുവു വിളക്കുകളുടെ വിവരം വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. തൻവർഷം സ്ഥാപിച്ച തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള വിവരം ടി

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.തെരുവുവിളക്കുസാമഗ്രികൾക്ക് മാത്രമായി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.റിപ്പയറിംഗിനായി കരാറുകാരനെ ഏൽപ്പിച്ച സാമഗ്രികളുടെ എണ്ണവും റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ എണ്ണവും പൊരുത്തപ്പെടുന്നില്ല.ഓരോ ഇനത്തിന്റെയും മുൻബാക്കി,നീക്കിബാക്കി എന്നിവ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.27.2.18 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനത്തിൽ തെരുവുവിളക്കുകളുടെ എണ്ണം കൃത്യതപ്പെടുത്തുന്നത് സംബന്ധിച്ച് കെ എസ് ഇ ബി കരുവന്നൂർ ഇല. സെക്ഷൻ അസി. എഞ്ചിനിയർ കത്തു നൽകിയതായും വാർഡുമെമ്പർമാരുമായി സഹകരിച്ച് എണ്ണം കൃത്യമായി രേഖപ്പെടുത്തുന്നതിന് അനുയോജ്യമായ തിയതി കെ എസ് ഇ ബിക്ക് നൽകാൻ അറിയിപ്പ് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.കെ എസ് ഇ ബി അധികൃതരുമായി സംയുക്ത പരിശോധന നടത്തി എണ്ണം കൃത്യമാക്കിയാൽ മാത്രമേ പദ്ധതി ആവിഷ്കരണവും നിർവ്വഹണവും ഫലപ്രദമാകൂ. അതുവഴി പ്രവൃത്തിയുടെ ഇരട്ടിപ്പ് ഒഴിവാക്കി ചെലവു കുറയ്ക്കാനും പരിപാലനം കാര്യക്ഷമതയോടെ നടത്താനും കഴിയും.മേൽസാഹചര്യത്തിൽ ഈ തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ( 18,25) തൃപ്തികരമായ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 25,06,629 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ നവീകരണം-അപാകതകൾ

പദ്ധതി നമ്പർ - 177/18

പഞ്ചായത്ത് ഓഫീസ് മീറ്റിംഗ് ഹാൾ നവീകരണം

ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കൽ തുക 123685

തനത് ഫണ്ട് 126315

ആകെ 250000

ചെലവ് 123685 + 122506 = 246191

ട്രഷറി ബിൽ നം 22/29.01.2018

ചെക്ക് നമ്പർ – 013038/ 07.12.18

മീറ്റിംഗ് ഹാൾ നവീകരണത്തിന്റെ ഭാഗമായി ടെണ്ടർ നടത്തി, കൂൾ പ്ലസ് തൃശ്ശൂർ എന്ന കമ്പനിയിൽ നിന്നും പാനാസോണിക് എയർ കണ്ടീഷ്ണർ(39300 രൂപ), ലാപ് ടോപ്പ് (39800 രൂപ), പ്രൊജക്ടർ വിത്ത് സ്ക്രീൻ (29990 രൂപ), സീലിംഗ് ഫാൻ (2000 രൂപ), അഡീഷ്ണൽ ഇലക്ട്രിഫിക്കേഷൻ (10000 രൂപ).(15.11.17 ലെ18(2) നം തീരുമാനം) എന്നിവ വാങ്ങൽ നടത്തി. കൂൾ പ്ലസ് കമ്പനിയുടെ Invoice No:GB1432/1.12.17 ബിൽ പ്രകാരം ആകെ 2,49,841 രൂപയ്ക്ക് 9 ഇനങ്ങളായി ഇലക്ട്രോണിക് വസ്തുക്കൾ വാങ്ങൽ നടത്തിയിട്ടുണ്ട്.ആയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. കൂൾപ്ലസിന്റെ 2.11.17 ലെ ടെണ്ടർ ഷെഡ്യൂളിനോടനുബന്ധിച്ചുള്ള ക്വട്ടേഷനിൽ AIR CONDITIONER PANASONIC 1 TON 5 STAR വില 39300 എന്നു കാണിച്ചിരിക്കുന്നു. വിവിധ കമ്പനികളുടെ ഉൽപ്പന്ന വിലയ്ക്ക് താഴെ " Including, GST, V Guard stabiliser, Stand, Delivery & installation"എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ അനുബന്ധ ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള വിലയാണ് 39300 എന്നാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബിൽ പ്രകാരം V Guard stabiliser ന് 9,999.98 രൂപയും (S. No.2) MS Angle(stand) 3600.00 രൂപയും കമ്പനിക്ക് 39,300/- രൂപയ്ക്ക് പുറമേ നൽകിയിട്ടുണ്ട്. കൂടാതെ ടെണ്ടറിൽ പറയാതിരുന്ന പ്രൊജക്ഷൻ സ്ക്രീനിന് 1/L 6*4 3650 രൂപയും നൽകി. അംഗീകരിച്ച ക്വട്ടേഷനിലെ നിരക്കുകളാണ് പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിട്ടുള്ളത്. ക്വട്ടേഷനിൽ പറഞ്ഞ പ്രകാരം വയറിംഗ് ചാർജായി 2*5 4core wire ന് 10000 രൂപ അധികം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്റ്റെബിലൈസറിനും സ്റ്റാന്റിനും കൂടി നൽകിയ തുക 9,999.98 +3600.00=13599.98=13600/- കമ്പനിക്ക് അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

2. 72/17 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.8 പ്രകാരം അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി തയ്യാറാക്കി വേണം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത്. പ്രൊജക്ട് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ (vi) ൽ നിർദ്ദേശിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക

ആസ്തികളുടെ പരിപാലനം, സംരക്ഷണം പദ്ധതിയായി രൂപപ്പെടുത്താമെന്നാണ്. ആയതിനു വിരുദ്ധമായാണ് പഞ്ചായത്തിന്റെ കെട്ടിടമായ മീറ്റിംഗ് ഹാളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. കൂൾ പ്ലസ് കമ്പനി തുക കൈപ്പറ്റിയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ്. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/20.12.18) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവു തുക 2,46,191/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വയറിംഗ്-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പദ്ധതി നമ്പർ - 127/18

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വയറിംഗ്

അടങ്കൽ തുക ജനറൽ 600000

തനത് ഫണ്ട് 230000

ആകെ 830000

ചെലവ് 600000 + 191965= 791965

ട്രഷറി ബിൽ നം 30/28.3.18

തനത് ഫണ്ട് ചെക്ക് നം. 1434277/28.3.18

AGMT/No Sec/13/(17-18)

കരാറുകാരൻ എ.ഗിരിജകുമാർ

ഗ്രേസ് ഇലക്ട്രിക്കൽസ് കുഴൂർ

MBNo 361/17-18

മേൽപറഞ്ഞ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിപുസ്തകം നം 361/17-18 പേജ് 74പ്രകാരം എക്സ്ട്രാ ഇനമായി നിലവിലുള്ള വയറിംഗ് പോയിന്റ്സ്, ഫിറ്റിംഗ്സ്, സ്വിച്ച്, ഗിയേഴ്സ്, കേബിൾ തുടങ്ങിയവ 10 m ഉയരത്തിൽ ട്രസ് വർക്ക് ചെയ്ത കമ്മ്യൂണിറ്റി ഹാളിൽ നിന്നും ഡിസ്മാന്റിൽ ചെയ്ത് ബന്ധപ്പെട്ട സ്റ്റോറിലേക്ക് മാറ്റിയ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.(85 pts) ഡിസ്മാന്റിൽ ചെയ്ത വസ്തുക്കളുടെ വിവരമോ, ആയത് എപ്രകാരം വിനിയോഗിച്ചു സ്റ്റോർ ചെയ്തോ തുടങ്ങിയ വിവരങ്ങൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2 പി.ഡബ്ലിയു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും പ്രവൃത്തി ചെക്ക് മെഷർ ചെയ്തിരിക്കുന്നതും. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.3.18 ലെ EDT.A2-1926/17 നം. കത്തു പ്രകാരം CC 1st & Finalഅംഗീകരിച്ചിട്ടുണ്ട്. എക്സ്ട്രാ ഇനം പ്രവൃത്തിയുടെ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതിനുശേഷമേ ബിൽ പാസാക്കി നൽകാവൂ എന്ന് കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശാനുസരണം സപ്ലിമെന്ററി കരാർ ചമച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ (ഓഡിറ്റ് അന്വേഷണം നം.31/18/21.12.18) ആകെ ചെലവു തുക 7,91,965/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 ധനവിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റുരശീതി എന്നിവയുടെ അഭാവത്തിൽ ചെലവുതുക 12,75,288/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പാക്കിയ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ, ചെലവിന്റെ സാധുത ഉറപ്പു വരുത്തുന്നതിനാവശ്യമായ ഏതാനും രേഖകൾ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല. (ആയത് റിമാർക്സിൽ

ചേർത്തിട്ടുണ്ട്).വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം/ പേര് | അടങ്കൽ തുക | ചെലവുതുക / ട്രഷറി ബിൽ നം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 9/18 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം | 1000701 | 1000701 /2/20.7.18 | ധനവിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ. തൃശ്ശൂർ |
| 2 | 10/18 ഐ കെ എം വിഹിതം നൽകൽ | 96338 | 96338 /8/25.9.17 | കൈപ്പറ്റ രശീതി ഐ കെ എം തിരുവനന്തപുരം |
| 3 | 108/18 വി പി എൻ കണക്ഷന് വാർഷിക വാടക നൽകൽ | 32000 | 28249 | തനത് ഫണ്ട് ചെലവ് വിശദാംശം കൈപറ്റ രശീത് ബി എസ് എൻ എൽ തൃശ്ശൂർ |
| 4 | 179/18 ബഡ് റിസോഴ്സ് സെന്റർ വിഹിതം നൽകൽ | 50000 | 50000 | തനതുഫണ്ട് ചെലവ് വിശദാംശം , കൈപ്പറ്റ രശീതി /സാംഖ്യ രശീതി/ ധനവിനിയോഗസാക്ഷ്യപത്രം ജില്ലാപഞ്ചായത്ത് |
| 5 | 178/18 ഐ. എം. എ ബ്ലഡ് ബാങ്ക് വിഹിതം നൽകൽ | 100000 | 100000 | ,, |
| | ആകെ | | 1275288 | |

ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 1275288 രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 അംഗനവാടിയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെയുള്ള 35 അംഗൻവാടികളിൽ 21 എണ്ണത്തിനാണ് സ്വന്തമായി കെട്ടിടമുള്ളത്. 14അംഗൻവാടികൾനിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നിലവിൽ 21 അംഗൻവാടികൾക്ക് ചുറ്റുമതിൽ, 21അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ, 11 അംഗൻവാടികൾക്ക് ബേബി ഫ്രണ്ടലി ടോയ്ലറ്റ് ഉണ്ട്.20 അംഗനവാടികൾക്ക് കറന്റ് കണക്ഷനും 34 അംഗനവാടികൾക്ക് ഗ്യാസ് കണക്ഷനും ഉണ്ട്. 20 അംഗനവാടികൾക്ക് ചുറ്റുമതിൽ സൌകര്യം ഉണ്ട്.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ആവശ്യമായ ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും പരിമിതമായ സൗകര്യങ്ങൾ ഉള്ള അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 വീട് വാസയോഗ്യമാക്കൽ പദ്ധതി

പദ്ധതി നം. 155/2018 (എസ്.സി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ., ഊരകം സർക്കിൾ

അടങ്കൽ –2500000

ചെലവ് – 1425000

ചേർപ്പ് പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ്.സി.) പദ്ധതിയിൽ താഴെ പറയുന്നവർ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|
| 1 | ചന്ദ്രിക, ബ്രഹ്മസ്വം | 25000 |
| 2 | ചെല്ലമ്മ, കൈതക്കാട്ടിൽ | 25000 |
| 3 | വിജയകുമാർ, പാല | 25000 |

ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. പണി പൂർത്തിയാക്കി വരുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിജയകുമാർ പാല എന്ന ഗുണഭോക്താവിന്റെ വീട് പ്രളയത്തിൽ പൂർണ്ണമായും തകർന്നിരിക്കുകയാണ്. ടിയാൻ സാധനസാമഗ്രികൾ വാങ്ങിക്കുകയും കുറച്ചുപണികൾ ചെയ്തിട്ടുമുണ്ടായിരുന്നു. എൻജിനീയറിംഗ് വിഭാഗം വീട് പരിശോധിക്കുകയും അഡ്വാൻസ് തുകയുള്ള വാല്യുവേഷൻ അനുവദിക്കാവുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

മേൽ ഗുണഭോക്താക്കളുടെ പണിപൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നം. 136/2018 (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ., എട്ടുമന സർക്കിൾ

അടങ്കൽ – 11,50,000/-

ചെലവ് – 8,62,500/-

ചേർപ്പ് ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|
| 1 | ബാലൻ.എം.കെ., മേൽവീട്ടിൽ | 12500 |
| 2 | സത്യഭാമ, മലയാറ്റിൽ | 12500 |

ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. പദ്ധതി സ്പിൽഓവറായി തുടരുന്നുണ്ട്. പണി പൂർത്തിയാക്കി വരുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

മേൽ ഗുണഭോക്താക്കളുടെ പണിപൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പൊതുടാപ്പ്-വെള്ളക്കരം

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട ഹെൽത്ത് ഡിവിഷന്റെ പ്രതിമാസഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 534 പൊതുടാപ്പുകളാണ് ഉള്ളത്. പ്രതിമാസം 233625 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ 534 പൊതുടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് അടവാക്കുന്നത്. പഞ്ചായത്തിലെ പൊതുടാപ്പുകളുടെയും തെരുവുവിളക്കുകളുടെയും എണ്ണത്തിൽ വ്യക്തത വരുത്തുന്നതിന് പഞ്ചയത്ത് കമ്മിറ്റിയിൽ തീരുമാനമായതിൻ പ്രകാരം ഓരോ റോഡിലും സ്ഥിതി ചെയ്യുന്ന തെരുവുവിളക്കുകളുടേയും പൊതുടാപ്പുകളുടെയും എണ്ണം തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി നിശ്ചിത രീതിയിലുള്ള പ്രൊഫോർമ എല്ലാ വാർഡു മെമ്പർമാർക്കും നല്കിയിട്ടുണ്ട്. മെമ്പർമാരിൽ നിന്നും റിപ്പോർട്ടു ലഭിക്കുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട അധികൃതരെ അറിയിക്കുന്നതും സംയുക്ത പരിശോധന നടത്തുമെന്നാണ് 2016-17-ലെ

ഓഡിറ്റ് റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ കുടിവെള്ള ഗാർഹീക കണക്ഷൻ നല്കൽ (ജനറൽ) പദ്ധതിയ്ക്ക് 1050000 രൂപ വകയിരുത്തി 155000 രൂപ ചെലവഴിക്കുകയും കുടിവെള്ള ഗാർഹിക കണക്ഷൻ നല്കൽ (എസ്.സി.) പദ്ധതിയ്ക്ക് 1575000 രൂപ വകയിരുത്തി 105000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കുടിവെള്ള പദ്ധതികൾക്കായി ഇത്രയധികം രൂപ ചെലവഴിക്കുകയും പൊതുടാപ്പ്-വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 2803500 രൂപ അടവാക്കേണ്ടി വരുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി യഥാർത്ഥ എണ്ണത്തിന് വെള്ളക്കരം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ.പട്ടികജാതി വികസനവകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ബിൽ നമ്പർ. 6/17-18 തുക 87900 തി. 24/03/2018

ബിൽ നമ്പർ.5/17-18 തുക 161400 തി.14/03/18

ബിൽ നമ്പർ 3/17-18 തുക 156000 തി. 27/02/18

ആകെ 385300 രൂപ ചെലവിട്ട് അമ്പത് ലേഡീസ് സൈക്കിളുകളും, നാല്പത്തിഏഴ ബോയ്സ് സൈക്കിളുകളും വാങ്ങി തൊണ്ണൂറ്റി ഏഴ് വിദ്യാർത്ഥികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.80/2017 /തസ്വഭവ,തിയ്യതി.03.04.2017 ഖണ്ഡിക.11.8.5 പ്രകാരം പട്ടികജാതി വകുപ്പിൽ നിന്ന് സഹായം ലഭിച്ചിട്ടില്ല എന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ ഈ ഗുണഭോക്താക്കളിൽ നിന്ന് അത്തരം സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-10 ഫയലുകൾ ഹാജരാക്കിയിട്ടില്ല. 1802400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 62/17-18

ബിൽ നമ്പർ. Ckb1/17-18 തി. 10.01.2018 -1770585

ബിൽ നമ്പർ.ckb6/17-18 തി. 26.03.2018- 31815

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെൽ വിത്ത് വിതരണം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി മേൽപ്രകാരം 1802400 രൂപ ചെലവിട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് , വിത്ത് വാങ്ങിയതിന്റെ ബില്ല്, വിത്തുവിതരണം ചെയ്തതിന്റെ മുഴുവൻ ലിസ്റ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1802400 രൂപ ചിലവിട്ട നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വെച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർക്കുന്ന രണ്ട് പ്രവർത്തികൾക്ക് സെലക്ഷൻ നോട്ടീസ് പ്രകാരം നിയമാനുസൃതം നിശ്ചയിക്കപ്പെട്ട

തിയതിക്ക് ശേഷമാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. 2012 ലെ പി.ഡബ്ള്യൂ.ഡി മാനവൽ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ പതിനാല്ല ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്. അല്ലാത്ത പക്ഷം എസ്റ്റിമേറ്റ് പി.എ.സി.യുടെ ഒരു ശതമാനം പിഴ ഈടാക്കികൊണ്ട് മാത്രമേ എഗ്രിമെന്റ് ഒപ്പിടുവാൻ പാടുള്ളൂ എന്നിരിക്കെ ഈ പ്രവൃത്തികൾക്ക് പിഴ ഈടാക്കാതെ എഗ്രിമെന്റ് വെച്ചത് നിയമാനുസൃത നടപടിയല്ല. പിഴ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെക്കേണ്ട അവസാന തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|
| 1 | മാത്തുക്കാട് റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | 17/01/2017 | 01/02/2017 | 27/02/2017 | 502000 | 5020 |
| 2 | ജെ.ബി.എസ് സ്കൂൾ മെയിന്റനൻസ് | 21/02/2017 | 7/03/2017 | 22/03/2017 | 700000 | 7000 |
| 3 | അംഗൻ വാടി നിർമ്മാണം വാർഡ് 20 | 21/02.2017 | 07/03/2017 | 22/03/2017 | 950000 | 9500 |
| 4 | അംഗൻ വാടി നിർമ്മാണം വാർഡ് 19 | 10/03/2017 | 24/03/2017 | 04/04/2017 | 800000 | 8000 |
| | ആകെ | | | | | 29520 |

## 3-12 എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിക്കകത്ത് പണി പൂർത്തിയാക്കിയിട്ടില്ല. പിഴ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർക്കുന്ന പ്രവർത്തികളിൽ എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് ഏറെ വൈകിയാണ് പണി പൂർത്തീകരിച്ചതായി കാണുന്നത്. പണി നീണ്ടുപോകാനിടയായത് സംബന്ധിച്ച് എഞ്ചീനീയറോ പഞ്ചായത്ത് കമ്മിറ്റിയോ പ്രത്യേകതീരുമാനങ്ങൾ ഒന്നും തന്നെ എടുത്തിട്ടില്ല. കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ യഥാസമയം അപേക്ഷ വെച്ചിട്ടില്ല. ഈ മൂന്ന പ്രവർത്തിയിലും എഗ്രിമെന്റ് കാലാവധി മൂന്ന മാസമാണ്. പിഴയില്ലാതെ പരമാവധി കാലം എഗ്രിമെന്റ് കാലാവധിയുടെ അഞ്ചിലൊന്ന് സമയം നീട്ടിക്കൊടുത്താലും ഈ സമയപരിധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഈ പ്രവൃത്തികളിൽ നിയമാനുസൃത പിഴ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. കുളത്തൂർ ബൈറോഡ് മെറ്റലിംഗ് ടാറിംഗ് വാർഡ് 19

ടെൻഡർ നോട്ടീസ് നമ്പർ. 3/AE/LSGD/CHP/16-17 തി. 27/01/2017

ബിൽ നമ്പർ. 26/17-18 തി. 27/02/2018 തുക. 299485

കരാറുകാരൻ –സിന്റോജോസ്.

എഗ്രിമെന്റ് നമ്പർ. 32/AE/LSGD/CHP/16-17 തി. 21/02/2017

സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തിയ്യതി.21/02/2017

പണി പൂർത്തീകരിച്ച തിയ്യതി. 11/01/2018 പിഴ തുക – 2995

2.ശാന്തി നഗർ റോഡ് മെറ്റലിംഗ് ടാറിംഗ്

ടെൻഡർ നോട്ടീസ് നമ്പർ. 1/AE/LSGD/CHP/16-17 തിയ്യതി.21/11/2016

എഗ്രിമെന്റ് നമ്പർ. 28/AE/LSGD/CHP/16-17 തിയ്യതി.21/02/2017

കരാറുകാരൻ. ജോയ്.കെ.എ
ബിൽ നമ്പർ – 32/17-18 1,74,095/- തി.08/02/18
സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തിയ്യതി.21/02/2017
പണി പൂർത്തീകരിച്ച തിയ്യതി. 21/02/2018
പിഴ തുക – 1741/-

3.കാക്കമാസ്റ്റർ ബൈറോഡ് റീടാറിംഗ്.
ടെൻഡർ നോട്ടീസ് നമ്പർ. 2/AE/LSGD/CHP/16-17 തിയ്യതി.12/01/2017
എഗ്രിമെന്റ് നമ്പർ. 3/AE/LSGD/CHP/16-17 തിയ്യതി.2/02/2017
ബിൽ നമ്പർ. 36/17-18 തി. 27/02/2018 തുക. 84208
കരാറുകാരൻ. ജയൻ വി.ടി.
സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തിയ്യതി.2/02/2017
പണി പൂർത്തീകരിച്ച തിയ്യതി. 30/01/2018
പിഴ തുക – 842/-
ആകെ പിഴ തുക = 2995+1741+842= 5578

## 3-13 പെരുവനം റോഡ് റീടാറിംഗ് ടെൻഡർ വിളിച്ചതായി രേഖയില്ല. 109720 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ. 97/18

പദ്ധതി അടങ്കൽ. 125000

എഗ്രിമെന്റ് നമ്പർ. 24/AE/LSGD/CHP/17-18 തിയ്യതി. 05/01/2018

കരാറുകാരൻ. വിൻസന്റ്.പി.ഡി.

ബിൽ നമ്പർ. 24/17-18 തിയ്യതി. 29/02/2018

തുക. 109720

പെരുവനം റോഡ് റീടാറിംഗിനായി ശ്രീ.വിൻസന്റ് .പി.ഡി എന്നയാളുമായി ചേർന്ന് മേൽപ്രകാരം കരാർ ചമച്ച് പ്രവൃത്തി നടത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തിക്കായി ടെൻഡർ വിളിച്ചതായോ, ആരെങ്കിലും ടെൻഡർ സമർപ്പിച്ചതായോ രേഖയില്ല. ടെൻഡർ വിളിക്കാതെ ഈ പ്രവൃത്തി നടത്താനിടയായ സാഹചര്യമെന്ത് എന്ന ഓഡിറ്റ്എൻക്വയറിക്ക് എഞ്ചിനീയറിംഗ് വിഭാഗം മറുപടി സമർപ്പിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ആകെ 109720 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 റിവൈസ്ഡ് എസ്റ്റിമേറ്റിൽ അൺഫോർസീൻ ഐറ്റംസ് എന്നയിനത്തിൽ 346841 രൂപ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതു മൂലം 361051 രൂപ ലാപ്സായി.

പ്രോജക്റ്റ് നമ്പർ. 120/18

പേര്. അംഗൻവാടി മെയിന്റനൻസ് വാർഡ് .14

കരാറുകാരൻ.അജയകുമാർ.പി.കെ

എഗ്രിമെന്റ് നമ്പർ. 14/AE/LSGD/CHP/17-18 തി. 09/11/2017

ടി.എസ് .നമ്പർ. 44917/2017-18 തി. 17/03/2018

മെയിന്റനൻസ് ഗ്രാന്റ്
ബിൽ നമ്പർ – 37/17-18 തീയതി.24/3/18 തുക – 138949/-

അഞ്ചു ലക്ഷം രൂപ അടങ്കലിലുള്ള ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് ഒപ്പിട്ട ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനിടയായ സാഹചര്യമെന്ത് എന്ന് ഫയലിൽ വ്യക്തമല്ല. ഇതു സംബന്ധിച്ച കമ്മിറ്റി തീരുമാനവും കാണാനായില്ല. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ 346841 രൂപയുടെ രണ്ടിനങ്ങൾ ഇന്റർലോക്ക് പാവിംഗ്, ജി.ഐ. ഷീറ്റ് റൂഫിംഗ് എന്നീ അൺഫൊർസീൻ ഐറ്റംസ് ഉൾപ്പെടുത്തി അഞ്ച് ലക്ഷമാക്കിത്തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ആദ്യഅടങ്കലായ അഞ്ചുലക്ഷം രൂപയിലെ എസ്റ്റിമേറ്റിൽ നിന്നും പ്രധാന ഇനങ്ങൾ ഒഴിവാക്കിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നിരിക്കെ ഇത്രയും തുക അൺഫോർസീൻ ഐറ്റംസ് ആയി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് കൃത്യമായ വിശദീകരണം നൽകുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 138949 രൂപയാണ്. അതായത് അഞ്ചു ലക്ഷം രൂപ വകയിരുത്തിയതിൽ 361051 രൂപ ലാപ്സാകുകയാണ് ഉണ്ടായത്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 750000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 750000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 175000 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ | 0 | 175000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 130000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്ബത്ത നൽകൽ | 130000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 130000 | ക്ഷീരകർഷകർഷകർക്ക് പാലിന് സബ്സിഡി | 130000 | 0 |
| | മുൻബാക്കി | 45273 | (വിശദാംശങ്ങൾ ലഭ്യമല്ല) | | 45273 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 750000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 750000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പെരുംകുളം പടവിന് പെട്ടിപറ | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് കെയർ പ്രോഗ്രാം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 60000 | ക്ഷീരകർഷകർഷകർക്ക് പാലിന് സബ്സിഡി | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 142500 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 123070 | 19430 |
| | മുൻബാക്കി | 29775 | പ്രൊജക്ട് വിശദാംശം ലഭ്യമല്ല | | 29775 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ 1-4-17 മുതൽ 31-3-18 വരെ | പലിശ | |
| ജവഹർ പഞ്ചായത്ത് ഭവന പദ്ധതി | 256/ഡി.ബി.1 /15/ത.സ്വ.ഭ.വ., 23.9.2015 | ലോൺ രജിസ്റ്റർ പ്രകാരം 10800000 | 7840000 | 1700000 | 674173 | 7400000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9660 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 9660 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9660 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു

| ക്രമനം. | നിക്ഷേപത്തിന്റെ പേര് | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ചേർപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 5000 രൂപ | 28-10-2019 | 5000 |
| 2 | KSFE ചേർപ്പ് | 4660 രൂപ | | 4660 |
| | ആകെ | 9660 രൂപ | | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 1000/- രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-1(3) | 1000 | തൃശ്ശൂർ താലൂക്ക് ഫർണ്ണീച്ചർ ഡെവലപ്പമെന്റ് സൊസൈറ്റി | 117030100440 dt.24.4.17 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76784100 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89168017 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6767291 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 25,06,629 | ഹരികുമാർ, സെക്രട്ടറി |
| 3-3 | 246191 | " |
| 3-4 | 791965 | എൻ.ഹരികുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 12,75,288 | ഹരികുമാർ, സെക്രട്ടറി |
| 3-10 | 18,02,400 | ഷൈലജ കെ.എസ്, കൃഷി ഓഫീസർ |
| 3-11 | 29,520 | ധന്യ.ടി.വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 5,578 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 109720 | അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 6767291 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2016-17 | 2-2 | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | കത്ത് നല്കിയതനുസരിച്ച് തൊഴിൽ നികുതി അടവാക്കിക്കൊണ്ടിരിക്കുന്നു. |
| 2015-16 | 2016-17 | 2-6, 2-7 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക സമാഹൃത റിപ്പോർട്ട് വർഷം ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 84-85,85-86,86-87, 87-88,88-89,89-90, 90-91,91-92,92-93, 93-94,94-95,95-96 | എൽ.എഫ്.ടി(എസ്2)-795/11/ 25.07.11/ 01.10.11 | |
| 1996-97 | എൽ.എഫ്.ടി 15-1727/97 തിയതി 15.05.98 | |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ടി 15-843/2000<br>തിയതി 04.07.00 | |
| 1998-99 | എൽ.എഫ്.ടി 15-850/2000<br>തിയതി 09.11.00 | |
| 1999-00 (ചെലവ്) | എൽ.എഫ്.ടി 15-715/03<br>തിയതി 05.12.03 | |
| 1999-00 (വരവ്) | എൽ.എഫ്.ടി 15-411/06/ തിയതി<br>20.01.06 | |
| 2000-01 | എൽ.എഫ്.ടി15-729/05/ 22.12.05 | |
| 2001-02 | എൽ.എഫ്.ടി15-728/05/ 20.01.06 | |
| 2002-03 | എൽ.എഫ്.ടി15-267/06/ 06.08.06 | |
| 2003-04 | എൽ.എഫ്.ടി15-2791/07/ 16.04.07 | |
| 2004-05 | എൽ.എഫ്.ടി15-1701/06/ 02.06.10 | |
| 2005-06 | എൽ.എഫ്.ടി15-1702/06/ 02.06.10 | |
| 2006-07 | എൽ.എഫ്.ടി15-536/10/ 29.01.11 | |
| 2007-08 | എൽ.എഫ്.ടി15-539/10/ 29.01.11 | |
| 2008-09 | എൽ.എഫ്.ടി15-556/11/ 11.10.11 | |
| 2009-10 | എൽ.എഫ്.ടി. പി9-857/11/<br>11.10.11/04.11.11 | |
| 2010-11 | എൽ.എഫ്.ടി.പി.2-2297/12തിയതി<br>14.02.13/15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി.2-352/13<br>തിയതി 07.08.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി.2-321/14<br>തിയതി 06.06.14/02.08.14 | |
| 2013-14 | എൽ.എഫ്.ടി.പി.2-1926/14<br>തിയതി 16.04.15/22.06.15 | |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ ടി.എസ്.ആർ (പി.2)605/16 തിയതി3.6.2016 | |
| 2015-16 | കെ.എസ്.എ ടി.എസ്.ആർ (പി.2)2079 /16 തിയതി16.12. 2016 | |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (പി.2) 1358/17 തിയതി.7.9.17/6.10.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ (പി2)62/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി.04.04.19

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം - 2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ